04
2025
ജൂലൈ
വെള്ളി
മിഥുനം 20

NAUTICAL TIMES KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.177 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-177 പേജ് 4. വില 2.00 രൂപ








02 അനെർട്ട് അക്ഷയ ഊർജ്ജ, ഇ-മൊബിലിറ്റി പദ്ധതി ഉദ്ഘാടനം

03 ബാലിയിൽ യാത്രാബോട്ട് മുങ്ങി 61 പേരെ കാണാതായി

04 രജിസ്ട്രാർക്ക് പദവിയിൽ തുടരാമെന്ന് ആർ. ബിന്ദു


# കോട്ടയം മെഡി. കോളജിലെ കെട്ടിടം തകർന്ന് ഒരു മരണം

## കനത്ത പ്രതിഷേധം: സന്ദർശിച്ച് മുഖ്യമന്ത്രി



കോട്ടയം : ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ കെട്ടിടം ഇടിഞ്ഞുവീണ് ഒരാൾ മരിക്കാനിടയായ സംഭവത്തിൽ പ്രതിഷേധം ശക്തമാകുന്നതിനിടെ മുഖ്യമന്ത്രി പിണറായി വിജയൻ അപകടസ്ഥലം സന്ദർശിച്ചു. മെഡിക്കൽ കോളജിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകനയോഗം ചേർന്നു. കോൺഗ്രസ് പ്രവർത്തകരുടെ കനത്ത പ്രതിഷേധത്തിനിടെയാണ് മുഖ്യമന്ത്രി എത്തിയത്. കോട്ടയത്തും കൊച്ചിയിലും തിരുവനന്തപുരത്തുമടക്കം ആരോഗ്യമന്ത്രി വീണാ ജോർജിനെതിരെ കോൺഗ്രസ്, യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെ പ്രതിഷേധപ്രകടനം നടന്നു.

കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽപെട്ട് തലയോലപ്പറമ്പ് സ്വദേശി ബിന്ദു(52)വാണ് മരിച്ചത്. മകളുടെ ശസ്ത്രക്രിയയ്ക്ക് എത്തിയതായിരുന്നു ബിന്ദുവും ഭർത്താവും. കെട്ടിടം തകർന്നുവീണ് രണ്ടര മണിക്കൂറിനു ശേഷമാണ് അവശിഷ്ടങ്ങൾക്കിടയിൽനിന്നു ബിന്ദുവിനെ രക്ഷാപ്രവർത്തകർ കണ്ടെത്തിയത്. അപ്പോഴേക്കും മരിച്ചിരുന്നു. തകർന്നുവീണ കെട്ടിടത്തിലെ ശുചിമുറിയിൽ കുളിക്കാൻ പോയതായിരുന്നു ബിന്ദുവെന്ന് ഭർത്താവ് വിശ്രുതൻ പറഞ്ഞു. ഇവരുടെ മകൾ ട്രോമാ കെയറിൽ ചികിൽസയിലാണ്.

അതേസമയം, അധികൃതരുടെ അനാസ്ഥയാണ് ദുരന്തത്തിനു കാരണമെന്ന് ആരോപിച്ച് പ്രതിഷേധം ശക്തമാണ്. എംഎൽമാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ചാണ്ടി ഉമ്മൻ അടക്കമുള്ളവർ പ്രതിഷേധവുമായി രംഗത്തെത്തി. ഇന്നു രാവിലെ 11 മണിയോടെയാണ് പതിനാലാം വാർഡിലെ ശുചിമുറിയുടെ ഭാഗം ഇടിഞ്ഞുവീണത്. മുഖ്യമന്ത്രിയുടെ അവലോകന യോഗം കോട്ടയത്തു നടക്കുമ്പോഴായിരുന്നു അപകടം. തകർന്ന കെട്ടിടത്തിലെ വാർഡുകളിലുള്ള രോഗികളെ നാളെ രാവിലെയോടെ പുതിയ ബ്ലോക്കിലേക്കു മാറ്റുമെന്നു മന്ത്രി വാസവൻ അറിയിച്ചിട്ടുണ്ട്.

അപകടത്തിലേക്ക് നയിച്ച സംഭവങ്ങൾ അന്വേഷിക്കുമെന്ന് കോട്ടയം ജില്ലാ കലക്ടർ ജോൺ വി. സാമുവൽ പറഞ്ഞു. രക്ഷാപ്രവർത്തനത്തിൽ അനാസ്ഥ ഉണ്ടായിട്ടില്ലെന്നാണ് കരുതുന്നത്. കൂടുതൽ വിവരങ്ങൾ .അന്വേഷണത്തിനുശേഷമേ പറയാനാകൂ. നാളെ അന്വേഷണം ആരംഭിക്കും. കെട്ടിടം തകർന്നുവെന്ന് പറയാനാകില്ല. കെട്ടിടത്തിന്റെ ബലക്ഷയമുള്ള ഭാഗങ്ങൾ തകരുകയായിരുന്നു. ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുമെന്നും കലക്ടർ പറഞ്ഞു. മന്ത്രി വീണാ ജോർജും മന്ത്രി വി.എൻ. വാസവനും സ്ഥലത്തെത്തിയിരുന്നു. തകർന്നുവീണ കെട്ടിടം നിലവിൽ ഉപയോഗിക്കുന്നില്ലെന്നായിരുന്നു മന്ത്രിമാർ പറഞ്ഞത്. കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ ആരും കുടുങ്ങിയിട്ടില്ലെന്നും പരുക്കുകളോടെ രക്ഷപ്പെടുത്തിയ മൂന്നുപേർക്കൊഴികെ മറ്റാർക്കും അപകടമുണ്ടായിട്ടില്ലെന്നും മന്ത്രിമാർ ആവർത്തിച്ചുപറയുകയും ചെയ്തു. പിന്നീട്, ബിന്ദുവിനെ കാണാനില്ലെന്നു മകൾ പറഞ്ഞപ്പോഴാണ് കെട്ടിടത്തിൽ കുടുങ്ങിയെന്ന സംശയത്തിൽ തിരച്ചിൽ നടത്തിയതും കണ്ടെത്തിയതും. അപ്പോഴേക്കും രണ്ടര മണിക്കൂറോളം കഴി!ഞ്ഞിരുന്നു. ഉടൻ അത്യാഹിത വിഭാഗത്തിലെത്തിച്ചെങ്കിലും ബിന്ദുവിനെ രക്ഷിക്കാനായില്ല. അധികൃതരുടെ അനാസ്ഥയാണ് ബിന്ദുവിന്റെ മരണത്തിനു കാരണമെന്നു പറഞ്ഞ് പ്രതിഷേധങ്ങളുമുണ്ടായി.

## സംസ്ഥാനത്ത് വീണ്ടും നിപ

### യുവതി ചികിത്സയിൽ

പാലക്കാട്: സംസ്ഥാനത്ത് വീണ്ടും നിപ ബാധയെന്ന് സംശയം. രോഗ ലക്ഷണങ്ങളോടെ പാലക്കാട് നാട്ടുകൽ സ്വദേശിയായ 38കാരിയെ പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പ്രാഥമിക പരിശോധനയിൽ രോഗബാധ സ്ഥിരീകരിച്ചു.

വിശദമായ പരിശോധനയ്ക്കായി ഇവരിൽ നിന്നെടുത്ത സാമ്പിൾ പൂനെ വൈറോളജി ലാബിലേക്ക് അയച്ചിട്ടുണ്ട്. യുവതിക്ക് എവിടെ നിന്നാണ് രോഗം ബാധിച്ചത് എന്നത് വ്യക്തമായിട്ടില്ല. ആരോഗ്യവകുപ്പ് അധികൃതർ സമ്പർക്കപ്പട്ടിക തയാറാക്കുന്നുണ്ട്.

സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ടവരോട് ജാഗ്രത പാലിക്കാൻ അധികൃതർ നിർദേശം നൽകി. അതേ സമയം യുവതിയുടെ ആരോഗ്യസ്ഥിതി സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ലഭ്യമായിട്ടില്ല.

## നവകേരള സദസിലെ രക്ഷാപ്രവർത്തനം മുഖ്യമന്ത്രിക്കെതിരെ കേസെടുക്കണമെങ്കിൽ ഗവർണറുടെ അനുമതിവേണമെന്ന് കോടതി

കൊച്ചി: നവകേരള സദസിലെ സംഘർഷവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്കെതിരെ കേസെടുക്കണമെങ്കിൽ ഗവർണറുടെ അനുമതി വേണമെന്ന് കോടതി. എറണാകുളം ഡിസിസി പ്രസിഡൻറ് മുഹമ്മദ് ഷിയാസ് നൽകിയ ഹർജി പരിഗണിച്ചാണ് എറണാകുളം സിജെഎം കോടതി നിലപാട് വ്യക്തമാക്കിയത്. ജനപ്രതിനിധികൾക്കെതിരെ കേസ് എടുക്കണമെങ്കിൽ ഗവർണറുടെ അനുമതി വേണമെന്നാണ് കോടതിയുടെ നിരീക്ഷണം. തുടർന്ന് ഹർജി പരിഗണിക്കുന്നത് നവംബർ ഒന്നിലേക്ക് മാറ്റി. രക്ഷാപ്രവർത്തന പരാമർശത്തിൽ പ്രേരണാക്കുറ്റം ചുമത്തണമെന്നാണ് സ്വകാര്യ അന്യായത്തിലെ ആവശ്യം.

പതിനഞ്ച് തവണ ഉത്തരവ് പറയാൻ മാറ്റിയ ശേഷമാണ് എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി തീരുമാനമെടുത്തത്. രക്ഷാപ്രവർത്തന പരാമർശത്തിൽ പ്രേരണാക്കുറ്റം ചുമത്താനാവില്ലെന്നായിരുന്നു നേരത്തെ എറണാകുളം സെൻട്രൽ പോലീസ് സിജെഎം കോടതിയിൽ നൽകിയ റിപ്പോർട്ട്.

## രക്തദാതാക്കളെ ആദരിച്ചു

തിരുവനന്തപുരം : കേരള ബ്ലഡ് ഡോണേഴ്സ് സൊസൈറ്റി (കെബ്സ്) രക്തദാനരംഗത്ത് മികച്ച സംഭാവനകൾ നൽകിയ ജില്ലയിലെ സ്ഥാപനങ്ങളേയും വ്യക്തികളേയും ആദരിച്ചു.

വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് എം.ഡി. ഡോ ദിവ്യ എസ്. അയ്യർ ഉദ്ഘാടനം ചെയ്തു. പാപ്പനംകോട് എസ്.സി.ടി. കോളേജ് ഓഫ് എഞ്ചിനീയറിംഗ് പ്രിൻസിപ്പൽ ഡോ. സി. സതീഷ്കുമാർ അധ്യക്ഷത വഹിച്ചു.

പ്രഥമ ബേബി ബർലി മെമ്മോറിയൽ അവാർഡ് ആർ.സി.സി. ബ്ലഡ് ബാങ്ക് മേധാവി ഡോ. വിജയലക്ഷ്മി ഏറ്റുവാങ്ങി. നടൻ നന്ദു, ടെറുമോ പെൻപോൾ റിസർച്ച് മേധാവി ഷിനുനായർ, യൂണിവേഴ്സിറ്റി എൻ.എസ്.എസ്. പ്രോഗ്രാം കോർഡിനേറ്റർ ഡോ. എം. അരുൺ, ഡോ. ജോയി വർഗീസ്, ഡോ. എസ്. രോഹിണി, കെബ്സ് ജില്ലാ പ്രസിഡന്റ് ഷെവ. ഡോ. കോശി എം. ജോർജ്, സെക്രട്ടറി എസ്. രതീഷ്, കെ.പി. രാജഗോപാലൻ, ആർ. ഗോവിന്ദ്, എ.എസ്. ഷിബിന രാജ് എന്നിവർ പ്രസംഗിച്ചു.

## ഇഎൽഐ: സൃഷ്ടിക്കുന്നത് 3.5 കോടി തൊഴിലുകൾ

ന്യൂഡൽഹി: കേന്ദ്രമന്ത്രിസഭ കഴിഞ്ഞ ദിവസം അംഗീകരിച്ച തൊഴിൽ ബന്ധിത ആനുകൂല്യ (ഇഎൽഐ) പദ്ധതി അടുത്ത രണ്ട് വർഷത്തിനിടയിൽ 3.5 കോടി പുതിയ തൊഴിലുകൾ സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. പദ്ധതിക്കായി കേന്ദ്രം വകയിരുത്തിയിരിക്കുന്നതാകട്ടെ 99,446 കോടി രൂപയും. 2025 ഓഗസ്റ്റ് 1നും 2027 ജൂലൈ 31നുമിടയിൽ സൃഷ്ടിക്കപ്പെടുന്ന പുതിയ തൊഴിലുകൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്വകാര്യമേഖലയിൽ ആദ്യമായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് സർക്കാർ 15,000 രൂപ വരെ പദ്ധതിയിലൂടെ നൽകുന്നു. തൊഴിലുകൾ സൃഷ്ടിക്കുന്ന തൊഴിൽദാതാക്കൾക്കും സർക്കാർ ആനുകൂല്യം നൽകുന്നുവെന്നത് പദ്ധതിയുടെ പ്രത്യേകതയാണ്. അധികതൊഴിൽ സൃഷ്ടിക്കുന്പോൾ തൊഴിലുടമകൾക്ക് രണ്ടുവർഷംവരെ ആനുകൂല്യം ലഭിക്കുന്നു. നിർമാണമേഖലയിലെ സ്ഥാപനങ്ങൾക്കാകട്ടെ കൂടുതൽ ആനുകൂല്യങ്ങൾ അടുത്ത രണ്ട് വർഷം കൂടി നീട്ടും. മാസം ഒരു ലക്ഷം രൂപ വരെ ശന്പളമുള്ളവർക്കാണ് ആദ്യജോലിക്കുള്ള അനുമതി.

## ആലപ്പുഴയിൽ മകളെ പിതാവ് കൊലപ്പെടുത്തിയ സംഭവം; അമ്മയും അമ്മാവനും കസ്റ്റഡിയിൽ

ആലപ്പുഴ: ഓമനപ്പുഴയിൽ മകളെ പിതാവ് കൊലപ്പെടുത്തിയ കേസിൽ അമ്മയെയും അമ്മാവനെയും പോലീസ് കസ്റ്റഡിയിലെടുത്തു. അമ്മ ജെസിമോളും അമ്മാവൻ അലോഷ്യസുമാണ് കസ്റ്റഡിയിലുള്ളത്.

പിതാവ് ജോസ്മോൻ ജാസ്മിന്റെ കഴുത്തിൽ തോർത്തിട്ട് മുറുക്കിയപ്പോൾ ജെസിമോൾ കൈകൾ പിടിച്ചുവച്ചെന്നാണ് കണ്ടെത്തൽ. ഇവരെ കേസിൽ പ്രതി ചേർത്തിട്ടുണ്ട്. കൊലപാതക വിവരം അറിഞ്ഞിട്ടും മറച്ചുവച്ചതിന് അലോഷ്യസിനെയും കേസിൽ പ്രതി ചേർക്കും.

രാത്രിയിൽ പുറത്തുപോയി വൈകി തിരിച്ചെത്തുന്നതിനെ ചൊല്ലി ജാസ്മിനും ജോസ്മോനും തമ്മിൽ തർക്കമുണ്ടാവുകയായിരുന്നു.. തർക്കത്തിനിടെ ജോസ്മോൻ ജാസ്മിന്റെ കഴുത്ത് ഞെരിച്ചു. ഇതോടെ അബോധാവസ്ഥയിലായ ജാസ്മിനെ മുറിയിൽ കയറ്റി കതകടച്ചു. തുടർന്ന് കഴുത്തിൽ തോർത്ത് കുരുത്തി മരണം സ്ഥിരീകരിക്കുകയായിരുന്നു.

പിന്നീട് ജോസ്മോൻ മകൾക്ക് ഹൃദയാഘാതമുണ്ടായെന്നും മകൾ അനങ്ങുന്നില്ലെന്നും ബന്ധുക്കളോടും അയൽക്കാരോടും പറഞ്ഞു. പഞ്ചായത്ത് അംഗങ്ങൾ ഉൾപ്പെടെ വന്ന് മൃതദേഹം ആശുപത്രിയിൽ എത്തിച്ചപ്പോൾ ആശുപത്രി അധികൃതർക്ക് ഹൃദയാഘാതത്തെ തുടർന്നുള്ള മരണമല്ലെന്ന് വ്യക്തമാകുകയായിരുന്നു.

ഇതോടെ ഇവർ പോലീസിൽ വിവരം അറിയിച്ചു. മണിക്കൂറുകൾ നീണ്ട ചോദ്യം ചെയ്യലിനൊടുവിലാണ് ജോസ്മോൻ കുറ്റം സമ്മതിച്ചത്.



ഓൾ കേരള ബ്ലഡ് ഡോണേഴ്സ് സൊസൈറ്റി പാപ്പനംകോട് എസ്.സി.ടി. കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ സംഘടിപ്പിച്ച രക്തദാതാക്കളെ ആദരിക്കൽ ചടങ്ങ് ഡോ. ദിവ്യ എസ്. അയ്യർ ഉദ്ഘാടനം ചെയ്യുന്നു. ഷിനു നായർ, ഡോ. സി. സതീഷ്കുമാർ, നടൻ നന്ദു, ഷെവ. ഡോ. കോശി എം. ജോർജ്, ഡോ. പി.വി. സുലോചന എന്നിവർ സമീപം.




# ജൂലൈ ക്കുതിപ്പ് തുടർന്ന് സ്വർണം; മൂന്നുദിനം കൊണ്ട് കൂടിയത് 1,520 രൂപ

കൊച്ചി: സംസ്ഥാനത്ത് തുടർച്ചയായ മൂന്നാം ദിനവും സ്വർണവില മുകളിലേക്ക്. പവന് 320 രൂപയും ഗ്രാമിന് 40 രൂപയുമാണ് ഉയർന്നത്. ഇതോടെ, ഒരു പവൻ സ്വർണത്തിന് 72,840 രൂപയിലും ഗ്രാമിന് 9,105 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 35 രൂപ ഉയർന്ന് 7,470 രൂപയിലെത്തി.

ഇതോടെ, ഇതോടെ കഴിഞ്ഞ മൂന്നു ദിവസങ്ങളിലായി ഗ്രാമിന് 190 രൂപയും പവന് 1,520 രൂപയുമാണ് ഉയർന്നത്. ചൊവ്വാഴ്ച സ്വർണവില പവന് ഒറ്റയടിക്ക് 840 രൂപയും ബുധനാഴ്ച 360 രൂപയും വർധിച്ചിരുന്നു. കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടെ ഗ്രാമിന് 405 രൂപയും പവന് 3,240 രൂപയും ഇടിഞ്ഞ ശേഷമാണ് ചൊവ്വാഴ്ച വീണ്ടും കുതിച്ചുകയറിയത്.

ജൂൺ 14ന് ഗ്രാമിന് 25 രൂപയും പവന് 200 രൂപയും വർധിച്ച സ്വർണവില ഗ്രാമിന് 9,320 രൂപയും പവന് 74,560 രൂപയുമെന്ന ചരിത്ര വിലയിലെത്തിയിരുന്നു. തുടർന്ന്, വില താഴേക്കു പോകുന്നതാണ് കണ്ടത്.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60, 000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി.

ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു. പത്തു ദിവസങ്ങൾക്കു ശേഷം ഏപ്രിൽ 11ന് 69,000 രൂപയും പിന്നാലെ 12ന് 70, 000 രൂപയും പിന്നിട്ടു.

ഏപ്രിൽ 17ന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന സ്വർണവില 71,000 രൂപ പിന്നിട്ടു. 21ന് 72,000 രൂപ പിന്നിട്ട സ്വർണവില 22ന് ഒറ്റയടിക്ക് 2,200 രൂപ ഇടിഞ്ഞ് 74,000 എന്ന നാഴികക്കല്ലിലെത്തി.

മേയ് 15ന് 68,880 രൂപയിലേക്ക് ഇടിഞ്ഞ സ്വർണവില പിന്നീട് വർധിക്കുന്ന കാഴ്ചയാണ് കണ്ടത്. ഏഴുദിവസത്തിനിടെ ഏകദേശം മൂവായിരം രൂപ വർധിച്ച് വീണ്ടും സ്വർണവില 72,000 കടന്ന് കുതിക്കുകയായിരുന്നു. ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്. അതേസമയം, അന്താരാഷ്ട്ര വില താഴേക്കാണ്. ബുധനാഴ്ച ഔൺസിന് 3,340 ഡോളറിലായിരുന്ന സ്വർണവില ഇന്ന് 3,364 ഡോളർ വരെ കയറിയെങ്കിലും നിലവിൽ 3,350 ഡോളറിലേക്ക് താഴ്ന്നു.

അതേസമയം, വെള്ളിയുടെ വിലയും ഉയർന്നു. ഒരു ഗ്രാം സാധാരണ വെള്ളിയുടെ വില ഒരു രൂപ വർധിച്ച് 116 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

# പ്ലസ് വൺ സപ്ലിമെന്ററി അലോട്ട്മെന്റ് റിസൾട്ട് പ്രസിദ്ധീകരിച്ചു, പ്രവേശനം ജൂലൈ 4 മുതൽ 8 വരെ

പ്ലസ് വൺ പ്രവേശനത്തിന്റെ ആദ്യ സപ്ലിമെന്ററി അലോട്ട്മെന്റ് റിസൾട്ട് പ്രസിദ്ധീകരിച്ചു. ഏകജാലക സംവിധാനത്തിന്റെ മുഖ്യഘട്ട അലോട്ട്മെന്റിൽ അപേക്ഷിച്ചിട്ടും അലോട്ട്മെന്റ് ലഭിക്കാത്തവർക്കും അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്കും സപ്ലിമെന്ററി അലോട്ട്മെന്റിനായി അപേക്ഷിക്കാൻ ജൂൺ 30 ന് വൈകിട്ട് 5 മണി വരെ അവസരം നൽകിയിരുന്നു. സംവരണ തത്വം അനുസരിച്ച് നിലവിൽ ഉണ്ടായിരുന്ന വേക്കൻസി ജില്ല ഒരു യൂണിറ്റായി പരിഗണിച്ച് വിവിധ കാറ്റഗറി സീറ്റുകളാക്കിയാണ് അലോട്ട്മെന്റിന് പരിഗണിച്ചിട്ടുള്ളത്.

ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരമുള്ള വിദ്യാർത്ഥി പ്രവേശനം ജൂലൈ 4 രാവിലെ 10 മണി മുതൽ 8 ന് വൈകിട്ട് 4 വരെയുള്ള സമയ പരിധിയ്ക്കുള്ളിൽനടത്തും. അലോട്ട്മെന്റ് വിവരങ്ങൾ (https://hscap.kerala.gov.in/) ഹയർസെക്കണ്ടറി അഡ്മിഷൻ വെബ്സൈറ്റിലെ Candidate Login-SWS ലെ Supplementary Allot Results എന്ന ലിങ്കിലൂടെ ലഭിക്കും. അലോട്ട്മെന്റ് ലഭിച്ചവർ കാൻഡിഡേറ്റ് ലോഗിനിലെ Supplementary Allot Results ലിങ്കിൽ നിന്നും ലഭിക്കുന്ന അലോട്ട്മെന്റ് ലെറ്ററിലെ അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽരക്ഷകർത്താവിനോടൊപ്പം 2025 മേയ് 13 ന് പ്രസിദ്ധീകരിച്ച സർക്കുലർ പ്രകാരം ആവശ്യമുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം ഹാജരാകണം. വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് ആവശ്യമുള്ള അലോട്ട്മെന്റ് ലെറ്റർ അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ നിന്നും പ്രിന്റ് എടുത്ത് അഡ്മിഷൻ സമയത്ത് നൽകും. അലോട്ട്മെന്റ് ലഭിക്കുന്നവർ ഫീസടച്ച് സ്ഥിരപ്രവേശനം നേടണം.

മോഡൽ റെസിഡെൻഷ്യൽ സ്കൂളുകളിലേയ്ക്കുള്ള സപ്ലിമെന്ററി അലോട്ട്മെന്റും ഇതോടൊപ്പംപ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹയർസെക്കണ്ടറി അഡ്മിഷൻ വെബ്സൈറ്റിലെCandidate Login-MRS se Supplementary Allot Results ലിങ്കിലൂടെ ലഭിക്കും. അലോട്ട്മെന്റ് ലഭിച്ചവർകാൻഡിഡേറ്റ് ലോഗിനിലെ Supplementary Allot Results ലിങ്കിൽ നിന്നും ലഭിക്കുന്നഅലോട്ട്മെന്റ് ലെറ്ററിലെ അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ രക്ഷകർത്താവിനോടൊപ്പം 2025 മേയ് 13 ന് പ്രസിദ്ധീകരിച്ച സർക്കുലർ പ്രകാരം ആവശ്യമുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതംഹാജരാകണം. വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് ആവശ്യമുള്ള അലോട്ട്മെന്റ് ലെറ്റർ അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ നിന്നും പ്രിന്റ് എടുത്ത് അഡ്മിഷൻ സമയത്ത് നൽകും. അലോട്ട്മെന്റ് ലഭിക്കുന്നവർ സ്ഥിരപ്രവേശനം ജൂലൈ 8 ന് വൈകിട്ട്4 ന് മുൻപായി നേടണം.തുടർ അലോട്ട്മെന്റുകളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ജൂലൈ 9 ന് വെബ്സൈറ്റിൽപ്രസിദ്ധീകരിക്കും.

# കെ.ജി.റ്റി.ഇ പ്രിന്റിംഗ് ടെക്നോളജി കോഴ്സുകളിൽ സീറ്റൊഴിവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗും സംയുക്തമായി തിരുവനന്തപുരം (0471 2474720, 2467728), എറണാകുളം (0484 2605322), കോഴിക്കോട് (0495 2356591, 2723666) കേന്ദ്രങ്ങളിൽ ആരംഭിച്ച കേരള ഗവൺമെന്റ് അംഗീകാരമുള്ള ഒരു വർഷ കെ.ജി.ടി.ഇ പ്രീ-പ്രസ്സ് ഓപ്പറേഷൻ, കെ.ജി.ടി.ഇ പ്രസ്സ് വർക്ക്, കെ.ജി.ടി.ഇ പോസ്റ്റ് പ്രസ്സ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ് 2025-26 കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യത പാസായിരിക്കണം. പട്ടികജാതി / പട്ടികവർഗ്ഗ / മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് ആനുകൂല്യം ലഭിക്കുന്നതാണ്. ഒ.ബി.സി / എസ്.ഇ.ബി.സി / മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും.

അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം അതാത് കേന്ദ്രങ്ങളിൽ റിപ്പോർട്ട് ചെയ്യണം. വിശദവിവരങ്ങൾക്ക്: േ

കരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം 695024. ഫോൺ: തിരുവനന്തപുരം 0471 2474720, 2467728), എറണാകുളം 0484 – 2605322, കോഴിക്കോട് 0495 2356591, 2723666. വെബ്സൈറ്റ്: www.captkerala.com.

# ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലനം

ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ ജൂലൈ 19 മുതൽ 31 വരെ ക്ഷീരോൽപ്പന്ന നിർമാണ പരിശീലനം സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 135 രൂപ. പങ്കെടുക്കാൻ താൽപര്യമുള്ളവർ ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കണം. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ജൂലൈ 18 വൈകിട്ട് 5 മണിക്ക് മുമ്പായി പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നോരിട്ടോ ബുക്ക് ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2440911. വിലാസം: ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ, തിരുവനന്തപുരം 695004. ഇമെയിൽ: principaldtctvm@gmail.com .

# എൽ.എൽ.എം കോഴ്സിലേക്ക് അപേക്ഷിക്കാം

കോഴിക്കോട് ലോ കോളേജിൽ എൽ.എൽ.എം കോഴ്സിൽ 2025-26 അധ്യയന വർഷത്തിൽ ഒഴിവുള്ള സീറ്റിലേക്ക് ഇടയ്ക്ക് പഠനം നിർത്തിയവർക്ക് പുനഃപ്രവേശനത്തിനും ഇപ്പോൾ തൃശൂർ ഗവ. ലോ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്നവർക്ക് കോളേജ് മാറ്റത്തിനും വേണ്ടി ജൂലൈ 8ന് വൈകിട്ട് 3 മണി വരെ അപേക്ഷിക്കാം.

അപേക്ഷാഫോമും മറ്റു വിവരങ്ങളും കോളേജ് ലൈബ്രറിയിൽ നിന്നും ലഭിക്കും. അപേക്ഷയോടൊപ്പം എൽ.എൽ.ബി ഡിഗ്രി മാർക്ക് ലിസ്റ്റ്, പ്രവേശന സമയത്തുലഭിച്ച അലോട്ട്മെന്റ് മെമ്മോ, അവസാനം എഴുതിയ പരീക്ഷയുടെ ഹാൾടിക്കറ്റ് എന്നിവയുടെ ശരിപ്പകർപ്പുകൾ ഉണ്ടായിരിക്കണം. പുനഃപ്രവേശനത്തിനു ശുപാർശചെയ്യപ്പെടുന്നവരും കോളേജ് മാറ്റത്തിന് അപേക്ഷിക്കുന്നവരും യൂണിവേഴ്സിറ്റിയിൽ ആവശ്യമായ ഫീസടച്ചു ഉത്തരവ് കരസ്ഥമാക്കിയ ശേഷം കോളേജിൽ പ്രവേശനം നേടണം. കോളേജ് മാറ്റത്തിന് അപേക്ഷിക്കുന്നവർ തൃശൂർ ഗവ. കോളേജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ കോളേജ് മാറ്റത്തിനുള്ള അപേക്ഷ ഉൾപ്പെടുത്തണം. പുനഃപ്രവേശനത്തിനുള്ള അപേക്ഷകൾ പരിഗണിച്ച ശേഷം ഒഴിവ് വരുന്ന സീറ്റുകളിലേക്ക് മാത്രമേ കോളേജ് മാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിക്കുകയുള്ളു.

# അപേക്ഷ ക്ഷണിച്ചു

കേരള സർക്കാർ സ്ഥാപനമായ എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിൽ പ്രവർത്തിക്കുന്ന എൽ.ബി.എസ്. എൻജിനിയറിങ് കോളേജ്, കാസർഗോഡിലെ കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിങ്/ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സ്ഥിരനിയമനത്തിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. എ.ഐ.സി.ടി.ഇ മാനദണ്ഡങ്ങൾ പ്രകാരമുള്ള യോഗ്യത ഉണ്ടായിരിക്കണം. ജനറൽ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്ക് 1,500 രൂപയും, എസ്.സി/എസ്.ടി വിഭാഗങ്ങൾക്കുള്ള ഉദ്യോഗാർത്ഥികൾക്കും അർഹതയുള്ള ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും 750 രൂപയും ആയിരിക്കും അപേക്ഷാ ഫീസ്. പ്രായപരിധി 39 വയസ്. എസ്.സി/എസ്.ടി, ഒ.ബി.സി, ഭിന്നശേഷിയുള്ളർക്ക് നിയമപ്രകാരം പ്രായപരിധിയിൽ ഇളവ് ലഭിക്കും. ഫീസ് ഓൺലൈനായി ജൂലൈ 31 വരെ അടയ്ക്കാം. അപേക്ഷകൾ www.lbscentre.kerala.gov.in വെബ്സൈറ്റ് മുഖേന ജൂലൈ 30 നകം ഓൺലൈനായി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് : 0471 – 2560312, 2560316, 2560315.

# ഗുണനിലവാരമില്ലാത്ത മരുന്നുകൾ നിരോധിച്ചു

സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ മരുന്ന് പരിശോധനാ ലബോറട്ടറികളിൽ നടത്തിയ ഗുണനിലവാര പരിശോധനയിൽ ജൂൺ മാസത്തിൽ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ താഴെ പറയുന്ന മരുന്നു ബാച്ചുകളുടെ വിതരണവും വിൽപ്പനയും സംസ്ഥാനത്ത് നിരോധിച്ചു. ഈ മരുന്നുകളുടെ സ്റ്റോക്ക് കൈവശമുള്ള വ്യാപാരികളും ആശുപത്രികളും അവ തിരികെ വിതരണക്കാരന് നൽകി വിശദാംശങ്ങൾ ബന്ധപ്പെട്ട ജില്ലാ ഡ്രഗ്സ് കൺട്രോൾ അധികാരികളെ അറിയിക്കണമെന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ അറിയിച്ചു. മരുന്നിന്റെ പേര്, ഉല്പാദകർ, ബാച്ച് നമ്പർ, കാലാവധി എന്ന ക്രമത്തിൽ.

ASHOKARISHTAM, 'Jayalekshmi Pharma, Mynagappally.P.O, Kollam-690519', 001/25, 3 Yrs from the date of Mfg.

LEVOCETIRIZINE DIHYDROCHLORIDE TABLETS IP 5mg (CETSAFE), Thrift Pharmaceuticals Pvt Ltd., Kh.No. 136, Raipur, Bhagwanpur, Roorkee-247661 (Uttarakhand), THT-32739, 09/2026.

'ATORVASTATIN AND ASPIRIN CAPSULES Atopress AS 10/75', Ind-Swift Laboratories Ltd, At. Industrial Growth Center, Phase 1, Samba-184121 (J&K)., AVSIB401, 01/2026.

ASPIRIN GASTRO-RESISTANT TABLETS IP 75mg, Unicure India Ltd, C-21,22&23, Sector-3, Noida-201 301, Distt. Gautam Budh Nagar(UP), ANET1232, 04/2026.

'CEFPODOXIME PROXETIL ORAL SUSPENSION IP (KEFPOD 100)', Innova Captab Ltd, 1281/1, Hilltop Industrial Estate, Near EPIP, Phase-I, Jharmajri, Baddi, Distt.Solan, Himachal Pradesh, C4093028, 06/2025.

DOXYCYCLINE & LACTIC ACID BACILLUS TABLETS (DOXYPET-300), Finecure Pharmaceuticals Ltd, Shimla Pistaur, Kichha, Udhamsingh Nagar- 263 148, TSVDS4008, 10/2026.

PARACETAMOL, PROPYPHENAZONE AND CAFFEINE TABLETS 'TRIMOL', Ajanta Pharma Limited, At: Mirza-Palashbari Road, Village Kokjhar, Kamrup®, Guwahati, Assam-781128., GT14233, 08/2027.

LEVETIRACETAM TABLETS IP 500mg, Unicure India Ltd, Plot No. 46(B)/49B, Vill. Raipur, Bhagwanpur, Roorkee, Dist. Haridwar, Uttarakhand., EV2TE053, 07/2026.

PARACETAMOL TABLETS IP 650mg, Healer's Lab Unit II, Plot No.33, HPSIDC, Extn, Baddi, Dist.Solan HP, PRK-617, 02/2027.

ITROWAR-200 (ITRACONAZOLE CAPSULE IP 200mg), Admed Pharma Pvt.Ltd., Plot No. 87, HPSIDC, Industrial Area, Baddi, Dist.Solan, HP-173 205., ADO4310302, 10/2026.

PANTOPRAZOLE GASTRO-RESISTANT TABLETS IP 40mg, SYTOP-40 SPAS REMEDISE, Vill.Bersan, P.O.Lodhi Majra, Tehsil, Baddi, Dist.Solan(HP) 173205, SRGT-25013, 12/2026.

CALCIUM AND VITAMIN D3 TABLETS IP, Healthy Life Pharma Pvt.Ltd, Factory:N-31/1, MIDC, Tarapur, Boisar-401 506, Dist.Palghar, 42192, 06/2026.

# അനെർട്ട് അക്ഷയ ഊർജ്ജ, ഇ-മൊബിലിറ്റി പദ്ധതികളുടെ ഉദ്ഘാടനം ഇന്ന്

അക്ഷയ ഊർജവും ഇ-മൊബിലിറ്റിയുമായി ബന്ധപ്പെട്ട് അനെർട്ട് സംഘടിപ്പിക്കുന്ന നാല് പ്രധാനപദ്ധതികളുടെ ഉദ്ഘാടനം ജൂലൈ 4-ന് ഉച്ചക്ക് 2:30 ന് പി.എം.ജി അനെർട്ട് കേന്ദ്ര കാര്യാലയത്തിൽ വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി നിർവഹിക്കും. സംസ്ഥാനത്തിന്റെ ഹരിത ദൗത്യങ്ങൾക്ക് ശക്തി പകരുന്ന വിധത്തിൽ രൂപകല്പന ചെയ്ത വെഹിക്കിൾ ടു ഗ്രിഡ് പൈലറ്റ് പ്രോജക്ടിന്റെയും വൈദ്യുത ഗ്രിഡ് സംയോജിത ഊർജ്ജ സംഭരണ സംവിധാനത്തിന്റെയും, ഇ.വി. കസ്റ്റമർ ലോഞ്ചിന്റെയും ഉദ്ഘാടനവും വൈദ്യുത വാഹന ചാർജ്ജിംഗിനായുള്ള ആധുനിക രീതിയിലുള്ള മൊബൈൽ ആപ്ലിക്കേഷന്റെ ഔദ്യോഗിക പ്രഖ്യാപനവും ചടങ്ങിൽ നിർവഹിക്കും. വി കെ പ്രശാന്ത് എം എൽ എ അധ്യക്ഷത വഹിക്കും. ഊർജ്ജ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാർ, ധനവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ, ഊർജ്ജ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും കെഎസ്ഇബിഎൽ സിഎംഡിയുമായ മിർ മുഹമ്മദ് അലി, ഇഎംസി ഡയറക്ടർ ഡോ ആർ ഹരികുമാർ, അനെർട്ട് സിഇഒ നരേന്ദ്രനാഥ് വേലൂരി തുടങ്ങിയവർ പങ്കെടുക്കും.

# മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ പരിപാടികൾ മാറ്റിവച്ചു

ശാരീരിക അസുഖം കാരണം രജിസ്ട്രേഷൻ മ്യൂസിയം, പുരാവസ്തു, പുരാരേഖാ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ ഒരാഴ്ചത്തെ പരിപാടികൾ മാറ്റിവച്ചു.

# കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രവേശനം – കരട് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2025-26 അദ്ധ്യയന വർഷത്തെ ഗവണ്മെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രവേശനത്തിന്റെ കരട് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് www.polyadmission.org/gci വെബ്സൈറ്റിൽ റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതും അപേക്ഷയിൽ എന്തെങ്കിലും തെറ്റുകൾ ഉണ്ടെങ്കിൽ CANDIDATE LOGIN ലിങ്ക് വഴി തിരുത്താവുന്നതും ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനോ മാറ്റുന്നതിനോ സാധിക്കുന്നതുമാണ്. ഓപ്ഷനുകളിൽ മാറ്റം വരുത്തുന്നതിനും, തിരുത്തലുകൾ നടത്തുന്നതിനും ജൂലൈ 6 വരെ സമയമുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: www.polyadmission.org/gci.

# സഹവാസക്യാമ്പ്

സാംസ്കാരിക വകുപ്പിന് കീഴിലുള്ള ഗുരു ഗോപിനാഥ് നടനഗ്രാമം, വർഷകാല നൃത്തകലാവതരണത്തിന്റെ ഭാഗമായി ജൂലൈ 27, 28 തീയതികളിൽ ചമയങ്ങൾ ഒരുക്കുന്ന പരിശീല സഹവാസക്യാമ്പ് നടത്തുന്നു. ചലച്ചിത്ര ചമയകാരൻ പട്ടണം റഷീദ് ക്യാമ്പിന് നേതൃത്വം നൽകും. ദ്വിദിന ക്യാമ്പിന് 3,000 രൂപയാണ് പ്രവേശന ഫീസ്. അപേക്ഷകൾ നടനഗ്രാമം സെക്രട്ടറിക്ക് നേരിട്ടോ secretaryggng@gmail.comമെയിൽ ഐഡി വഴിയോ ജൂലൈ 25ന് ഉച്ചയ്ക്ക് ശേഷം 3 വരെ സമർപ്പിക്കാം. ഫോൺ: 8547913916, 8714191282.

# ഗൃഹശ്രീ പദ്ധതി: അപേക്ഷ സമർപ്പിക്കാം

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ദുർബലർക്കും / താഴ്ന്ന വരുമാനക്കാർക്ക് വേണ്ടി നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവന പദ്ധതിയ്ക്കുള്ള അപേക്ഷകൾ www.kshb.kerala.gov.in മുഖേന ജൂലൈ 7 മുതൽ 31 വരെ ഓൺലൈനായി സമർപ്പിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

# ക്യാമ്പ് സിറ്റിംഗ് മാറ്റി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ ജൂലൈ 9 ന് കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ക്യാമ്പ് സിറ്റിംഗ് പൊതു പണിമുടക്ക് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ 11 ലേക്ക് (രാവിലെ 10 മുതൽ 5 വരെ) മാറ്റി. വേദിയിൽ മാറ്റമില്ല.

# ഐ.എച്ച്.ആർ.ഡി കോളേജിൽ അപേക്ഷ ക്ഷണിച്ചു

ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള ധനുവച്ചപുരം കോളേജിൽ ബിഎസ്സി കമ്പ്യൂട്ടർ സയൻസ് വിത്ത് ഡാറ്റ സയൻസ്, ബിഎസ്സി ഇലക്ട്രോണിക്സ് വിത്ത് എഐ ആൻഡ് റോബോട്ടിക്സ്, ബി.കോം ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ബാച്ചിലർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ നാലു വർഷ ഡിഗ്രി കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. സയൻസിലോ കൊമേഴ്സിലോ ഹ്യൂമാനിറ്റിക്സിലോ പ്ലസ് ടു പാസായവർക്ക് അപേക്ഷിക്കാം. എംഎസ്സി കമ്പ്യൂട്ടർ സയൻസ് കോഴ്സിലും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. www.ihrdadmission.org വഴി അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 0471-2234374, 9496153141,

# നാഷണൽ അപ്രന്റീസ്ഷിപ്പ് മേള ജൂലൈ 7 ന്

കേന്ദ്ര നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന്റെയും കേരള സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പിന്റേയും ആഭിമുഖ്യത്തിൽ ചാക്ക ഗവ. ഐ ടി ഐയിൽ ജൂലൈ 7 ന് ജില്ലാതല പ്രധാനമന്ത്രി നാഷണൽ അപ്രന്റീസ് മേള സംഘടിപ്പിക്കുന്നു. ജില്ലയിലെ കേന്ദ്ര, സംസ്ഥാന സർക്കാർ സ്ഥാപനങ്ങളും പൊതുമേഖലാ സ്വകാര്യ സ്ഥാപനങ്ങളും പങ്കെടുക്കുന്ന മേളയിൽ നിന്നും എൻജിനിയറിങ് / നോൺ എൻജിനിയറിങ് ട്രേഡുകളിൽ ഐ ടി ഐ യോഗ്യതയുള്ളവരെ ഒരു വർഷം അപ്രന്റീസായി തെരഞ്ഞെടുക്കും. താൽപര്യമുള്ളവർ ട്രേഡ് സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളുമായി ചാക്ക ഗവ. ഐ ടി ഐ യിൽ എത്തണം. രജിസ്ട്രേഷൻ 7 ന് രാവിലെ 8.30 ന് ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0471 2501867, 9495904844.

# അപേക്ഷാ തീയതി നീട്ടി

കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ ഉപകേന്ദ്രമായി പൊന്നാനിയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ചിൽ ഹൈസ്കൂൾ വിദ്യാർഥികൾക്കുള്ള ടാലന്റ് ഡെവലപ്മെന്റ് കോഴ്സ് ഹയർ സെക്കൻഡറി വിദ്യാർഥികൾക്കുള്ള സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ്, കോളേജ് വിദ്യാർഥികൾക്കും തൊഴിൽ എടുക്കുന്നവർക്കുമുള്ള പ്രിലിംസ് കം മെയിൻസ് (വീക്കെൻഡ്) കോഴ്സ് എന്നിവയ്ക്ക് അപേക്ഷിക്കാനുള്ള തീയതി ജൂലൈ 10 വരെ നീട്ടി. ബിരുദധാരികളായ വിദ്യാർഥികൾക്ക് പ്രിലിംസ് കം മെയിൻസ് (റഗുലർ) കോഴ്സിലേക്കുള്ള സ്പോട്ട് അഡ്മിഷനും തുടരുന്നു. കൂടുതൽ വിവരങ്ങൾക്ക്: 0494 2665489, 8848346005,

# സീറ്റ് ഒഴിവ്

ആക്കുളം പി.എം ശ്രീ കേന്ദ്രീയ വിദ്യാലയത്തിൽ പ്ലസ് വൺ, പ്ലസ് ടു കോമേഴ്സ് സ്ട്രീമിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താത്പര്യമുള്ളവർ ജൂലൈ 8ന് മുമ്പ് സ്കൂളുമായി ബന്ധപ്പെടുക. ഫോൺ: 0471-2441266, 2551366

# കരാർ നിയമനം

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻ സെക്രട്ടറി, അക്കൗണ്ട്സ് ഓഫീസർ, കൺസൾട്ടന്റ് (ഫിനാൻസ്) തസ്തികകളിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ജൂലൈ 23 നകം അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് :www.erckerala.org.

# തിരുവള്ളൂരിൽ സ്ത്രീധനപീഡനത്തെ തുടർന്ന് നവവധു ജീവനൊടുക്കിയ സംഭവം; ഭർത്താവും ഭർതൃമാതാവും അറസ്റ്റിൽ

ചെന്നൈ: തമിഴ്നാട് തിരുവള്ളൂരിൽ സ്ത്രീധനപീഡനത്തെ തുടർന്ന് നവവധു ജീവനൊടുക്കിയ സംഭവത്തിൽ ഭർത്താവും ഭർതൃമാതാവും അറസ്റ്റിൽ. ലോകേശ്വരിയുടെ ഭർത്താവ് പനീറും ഭർതൃമാതാവ് പൂങ്കോതയുമാണ് പിടിയിലായത്.

വിവാഹം കഴിഞ്ഞ് നാലാം ദിവസമാണ് പൊന്നേരി സ്വദേശിനിയായ ലോകേശ്വരി (24) ജീവനൊടുക്കിയത്. കഴിഞ്ഞ ജൂൺ 27ന് ആയിരുന്നുകട്ടാവൂർ സ്വദേശി പനീറുമായി (37) യുവതിയുടെ വിവാഹം നടന്നത്.

സ്വകാര്യ കമ്പനി ജീവനക്കാരനാണ് പനീർ. യുവതിയുടെ വീട്ടുകാരോട് 10 പവൻ സ്ത്രീധനം വേണമെന്നാണ് പനീറിന്റെ കുടുംബം ആവശ്യപ്പെട്ടതെങ്കിലും അഞ്ച് പവൻ നൽകാമെന്നായിരുന്നു ലോകേശ്വരിയുടെ വീട്ടുകാർ സമ്മതിച്ചത്. എന്നാൽ നാല് പവൻ സ്വർണമാണ് ലോകേശ്വരിക്ക് സ്ത്രീധനമായി നൽകാൻ കഴിഞ്ഞത്. സ്വർണത്തിന് പുറമെ വസ്ത്രങ്ങളും ബൈക്കും സ്ത്രീധനമായി നൽകിയിരുന്നു. പക്ഷേ, വിവാഹത്തിന് ശേഷം ലോകേശ്വരിയെ ഭർത്താവിന്റെ വീട്ടുകാർ പീഡിപ്പിക്കുകയായിരുന്നു.

കുടുംബത്തിലെ മൂത്ത മരുമകൾക്ക് 12 പവൻ സ്ത്രീധനമായി ലഭിച്ചിരുന്നെന്നും ബാക്കി ഒരു പവൻ സ്വർണം ഉടൻ ലഭിക്കണമെന്നും എസി വാങ്ങി നൽകണമെന്നും പറഞ്ഞായിരുന്നു ഉപദ്രവം.

കഴിഞ്ഞ ദിവസം സ്വന്തം വീട്ടിലെത്തിയ ലോകേശ്വരി, ഇക്കാര്യം മാതാപിതാക്കളോട് പറയുകയും ചെയ്തിരുന്നു. ഇതിനു പിന്നാലെയാണ് തിങ്കളാഴ്ച രാത്രിയോടെ ലോകേശ്വരിയെ സ്വന്തം വീട്ടിലെ ശുചിമുറിയിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.

# കൗമാരക്കാരനായ വിദ്യാർഥിയെ പീഡിപ്പിച്ചു; അധ്യാപിക അറസ്റ്റിൽ

മുംബൈ: വിദ്യാർഥിയെ പഞ്ചനക്ഷത്ര ഹോട്ടലുകളിൽ ഉൾപ്പെടെ എത്തിച്ച് പീഡിപ്പിച്ച സംഭവത്തിൽ അധ്യാപിക അറസ്റ്റിൽ.

40കാരിയായ ഇംഗ്ലീഷ് അധ്യാപികയാണ് 16 കാരനായ വിദ്യാർഥിയെ പീഡിപ്പിച്ചത്. പ്രയാപൂർത്തിയാവാത്ത കുട്ടിയെ പ്രേരിപ്പിച്ച് പലതവണയാണ് പീഡനത്തിനിരയാക്കിയത്. വിദ്യാർഥിയുടെ സ്വഭാവത്തിലെ മാറ്റം മനസിലാക്കിയ മാതാപിതാക്കളാണ് വിവരം ചോദിച്ച് മനസിലാക്കിയത്. സ്കൂൾ കഴിഞ്ഞ് ബന്ധം അവസാനിക്കുമെന്ന് കരുതിയെങ്കിലും കുട്ടിയുടെ വീട്ടിലെ ജോലിക്കാർ വഴി വീണ്ടും ബന്ധപ്പെടാൻ ശ്രമിച്ചതോടെയാണ് പോലീസിൽ പരാതി നൽകിയത്.

അധ്യാപിക വിവാഹിതയും രണ്ട് കുട്ടികളുടെ അമ്മയുമാണ്. ഒരു വർഷത്തിന് മുകളിലായി വിദ്യാർഥിയെ ഇവർ പീഡനത്തിനിരയാക്കിയിരുന്നു. 2023 ൽ ഒരു സ്കൂൾ പരിപാടിക്കിടയിലാണ് ഇവർ വിദ്യാർഥിയെ പരിചയപ്പെടുന്നത്. വിദ്യാർഥിയോട് അടുപ്പം തോന്നിയിരുന്നുവെന്നും വിമുഖത കാട്ടിയ കുട്ടിയെ സ്കൂളിന്റെ പുറത്തുള്ള അധ്യാപികയുടെ കൂട്ടുകാരി വഴി ബന്ധത്തിന് പ്രേരിപ്പിച്ചതായും മൊഴി നൽകി. കൗമാരക്കാരായ ആൺകുട്ടികളും മുതിർന്ന സ്ത്രീകളും തമ്മിലുള്ള ബന്ധം സാധാരണമാണെന്ന് അധ്യാപികയുടെ സുഹൃത്ത് പറഞ്ഞതായി വിദ്യാർഥി മൊഴി നൽകി. പിന്നാലെ കുട്ടിയെ നിർബന്ധിച്ച് വിവിധ പഞ്ചനക്ഷത്ര ഹോട്ടലുകളിൽ എത്തിച്ച് പീഡിപ്പിക്കുകയായിരുന്നു. സ്കൂളിന് ശേഷവും കുട്ടിയുമായി ബന്ധം തുടരാൻ ശ്രമിച്ചതോടെ കുടംബം തന്നെയാണ് പോലീസിൽ വിവരം അറിയിച്ചത്. പരാതിയിൽ അധ്യാപികയ്ക്ക് എതിരെ പോക്സോ ചുമത്തി കേസെടുത്തു.

# ആസാമിൽ ബീഫ് വിൽപ്പന നടത്തിയ 196 പേർ കസ്റ്റഡിയിൽ

ഗോഹട്ടി: ആസാമിൽ നിയമം ലംഘിച്ച് ബീഫ് വിൽപ്പന നടത്തിയ 196പേരെ പോലീസ് കസ്റ്റഡിയിലെടുത്തു. സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ഹോട്ടലുകൾ, റസ്റ്ററൻറുകൾ, കശാപ്പുശാലകൾ എന്നിവയുൾപ്പെടെ 178 സ്ഥലങ്ങളിലാണ് പരിശോധന നടത്തിയത്.

2021 ലെ കന്നുകാലി നിരോധന നിയമപ്രകാരം ആസാം പോലീസ് 1,700 കിലോയിലധികം ബീഫ് പിടിച്ചെടുത്തു. 2021 ലെ കന്നുകാലി സംരക്ഷണ നിയമപ്രകാരമാണ് ആസാമിൽ പരിശോധന നടന്നത്. ഈ നിയമപ്രകാരം ക്ഷേത്രങ്ങൾക്ക് സമീപവും ഹിന്ദു ഭൂരിപക്ഷ പ്രദേശങ്ങളിലും കന്നുകാലികളെ കൊല്ലുന്നതും ഗോമാംസം വിൽക്കുന്നതും നിരോധിച്ചിട്ടുണ്ട്.

ആദ്യ ദിവസം നടത്തിയ പരിശോധനയിൽ, ഗോഹട്ടി, നാഗോൺ, ചരൈഡിയോ, കൊക്രാർ, സൗത്ത് കാംരൂപ്, ദിബ്രുഗഡ് എന്നിവിടങ്ങളിലായി 112 ഹോട്ടലുകളിൽ റെയ്ഡുകൾ നടത്തി. വേവിച്ചതും പാകം ചെയ്യാൻ സൂക്ഷിച്ചതുമായ വലിയ അളവിൽ ബീഫ് ഇവിടെ നിന്നും കണ്ടെത്തി.

കൊക്രജാറിൽ മാത്രം നാല് ഹോട്ടലുകളിൽ പോലീസ് സംഘം പരിശോധന നടത്തി. അന്വേഷണം തുടരുമെന്ന് പോലീസ് അറിയിച്ചിട്ടുണ്ട്.

# ഹിമാചൽ പ്രദേശിലെ മിന്നൽപ്രളയം; മരണസംഖ്യ 11 ആയി; തെരച്ചിൽ തുടരുന്നു

ഷിംല: ഹിമാചൽ പ്രദേശിൽ മഴക്കെടുതി തുടരുന്നു. മാണ്ഡ്യയിൽ മേഘവിസ്ഫോടനത്തെ തുടർന്നുണ്ടായ മിന്നൽപ്രളയത്തിൽ മരിച്ചവരുടെ എണ്ണം 11 ആയി. കാണാതായ ആറ് പേരുടെ മൃതദേഹങ്ങൾ കൂടി കണ്ടെടുത്തതോടെയാണ് മരണസംഖ്യ ഉയർന്നത്. വിവിധ ഇടങ്ങളിലായി കാണാതായവർക്കായുള്ള തെരച്ചിൽ തുടരുകയാണ്. കഴിഞ്ഞ തിങ്കളാഴ്ച രാത്രി മുതൽ പിറ്റേന്ന് പെയ്ത കനത്ത മഴയെ തുടർന്നാണ് ഹിമാചൽ പ്രദേശിൽ ഒന്നിലധികം മേഘവിസ്ഫോടനമുണ്ടായത്. പിന്നാലെ ഉണ്ടായ മിന്നൽ പ്രളയത്തിൽ നിരവധി വീടുകളും റോഡുകളും പാലങ്ങളും ഒലിച്ചുപോയി. 40 ഓളം പേരെ കാണാതായതായാണ് വിവരം.

# ത്രിപുരയിൽ പച്ചക്കറി മോഷ്ടിച്ചുവെന്ന് ആരോപിച്ച് യുവാവിനെ തല്ലിക്കൊന്നു

അഗർത്തല: ത്രിപുരയിലെ ധലായ് ജില്ലയിൽ പച്ചക്കറി മോഷ്ടിച്ചുവെന്ന് സംശയിച്ച് യുവാവിനെ ഒരുസംഘമാളുകൾ തല്ലിക്കൊന്നു. മനു നദിക്കടുത്തുള്ള ചിത്രേസെൻ കർബാരി പാറ പ്രദേശത്ത് ബുധനാഴ്ച അർധ രാത്രിയിലാണ് സംഭവം നടന്നതെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

നദീതീരത്തിന് സമീപം കൃഷിയിടത്തിൽ നിന്ന് ഇയാൾ പച്ചക്കറി മോഷ്ടിക്കുന്നത് ചില കർഷകർ കണ്ടതായി ആരോപിക്കപ്പെടുന്നു.

പ്രകോപിതരായ കർഷക സംഘം ഇയാളെ പിടികൂടി ക്രൂരമായി മർദിച്ചു. സംഭവസ്ഥലത്ത് വച്ച് തന്നെ ഇയാൾ മരിച്ചുവെന്നാണ് റിപ്പോർട്ട്.

ബുധനാഴ്ച രാവിലെ നാട്ടുകാർ യുവാവിന്റെ മൃതദേഹം കണ്ടെത്തുകയും മനു പോലീസ് സ്റ്റേഷനിൽ അറിയിക്കുകയും ചെയ്തു. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു.

# ഒഡീഷയിൽ യുവാവ് പെൺസുഹൃത്തിനെ കുത്തിക്കൊന്നു

ഭുവനേശ്വർ: ഒഡീഷയിലെ ബെർഹാംപൂരിൽ ലോഡ്ജിലേക്ക് ക്ഷണിച്ചുവരുത്തിയ ശേഷം കാമുകിയെ കൊലപ്പെടുത്തിയ യുവാവ് അറസ്റ്റിൽ. കൃത്യത്തിന് ശേഷം ഇയാൾ പോലീസ് സ്റ്റേഷനിലെത്തി കീഴടങ്ങുകയായിരുന്നു. പ്രിയ കുമാരി മോഹരാന ആണ് കൊല്ലപ്പെട്ടത്. ലഞ്ചിപ്പള്ളി സ്വദേശി അഭയകുമാർ മോഹന (24) ആണ് അറസ്റ്റിലായത്. ചൊവ്വാഴ്ച രാവിലെ 11.30 ഓടെ പുതിയ ബസ് സ്റ്റാൻഡിന് സമീപമുള്ള ഒരു ലോഡ്ജിൽ അഭയ മുറിയെടുത്തു. പ്രിയ അൽപ്പം വൈകിയാണ് എത്തിയത്. ഇരുവരും മുറിയിൽ അൽപ്പസമയം ഒന്നിച്ചു ചിലവഴിച്ചു. തുടർന്ന് ഇരുവരും തമ്മിൽ വാക്കേറ്റമുണ്ടായി. അഭയ, പ്രിയ കുമാരിയെ 20 തവണ കുത്തിയതായും തുടർന്ന് ഇവർ മരിച്ചതായും പോലീസ് അറിയിച്ചു. സംഭവത്തിന് ശേഷം, കൈയ്ക്കേറ്റ പരിക്കിന് ചികിത്സയ്ക്കായി പ്രതി സിറ്റി ആശുപത്രിയിലേക്ക് പോയി. അവിടെ നിന്ന് ഗോസാനിനുവാഗോൺ പോലീസ് സ്റ്റേഷനിൽ എത്തി കീഴടങ്ങിയതായി പോലീസ് പറഞ്ഞു.മറ്റൊരാളെ വിവാഹം കഴിക്കാനുള്ള പ്രിയയുടെ തീരുമാനത്തിൽ പ്രകോപിതനായ പ്രതി പ്രിയയെ കൊലപ്പെടുത്തിയതാണെന്ന് പോലീസ് പറഞ്ഞു.

# തകരാർ പരിഹരിക്കാൻ കഴിഞ്ഞില്ല; ബ്രിട്ടീഷ് യുദ്ധവിമാനം പൊളിച്ചു കൊണ്ടുപോകും

തിരുവനന്തപുരം: സാങ്കേതിക തകരാറിനെ തുടർന്ന് തിരുവനന്തപുരം വിമാനത്താവളത്തിൽ കുടുങ്ങിയ ബ്രിട്ടീഷ് യുദ്ധവിമാനം എഫ് 35 ബി പൊളിച്ചു കൊണ്ടുപോകാൻ നീക്കം. തകരാർ പരിഹരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വിമാനം ഭാഗങ്ങളാക്കി പൊളിച്ച് കൊണ്ടുപോകാനുള്ള ശ്രമമാരംഭിച്ചു. ഇതിനായി സി17 ഗ്ലോബ്മാസ്റ്റർ എന്ന കൂറ്റൻ വിമാനം എത്തിക്കും. ഏതൊക്കെ ഭാഗങ്ങളാണ് പൊളിക്കുക എന്ന് ഇതുവരെ വ്യക്തമായില്ല. ചിറകുകൾ അഴിച്ചുമാറ്റാൻ തീരുമാനമായിട്ടുണ്ട്. ഇതിനായി യുകെയിൽ നിന്നുള്ള വിദഗ്ധസംഘം പുറപ്പെട്ടിട്ടുണ്ട്. 40 അംഗ ബ്രിട്ടീഷ് - അമേരിക്കൻ സാങ്കേതിക വിദഗ്ധരുടെ സംഘമാണ് തിരുവനന്തപുരത്തേക്കെത്തുന്നത്. എഫ്35 നിർമിച്ച അമേരിക്കൻ കമ്പനിയായ ലോക്ഹീഡ് മാർട്ടിൻ കമ്പനിയുടെ സാങ്കേതികവിദഗ്ധരും ഇക്കൂട്ടത്തിലുണ്ടാകും.

അറബിക്കടലിലെ സൈനികാഭ്യാസത്തിനെത്തിയ എച്ച്എംഎസ് പ്രിൻസ് ഓഫ് വെയിൽസ് എന്ന യുദ്ധക്കപ്പലിൽനിന്നു പറന്നുയർന്ന എഫ്35 വിമാനത്തിന്റെ ഹൈഡ്രോളിക് സംവിധാനത്തിലാണ് തകരാർ കണ്ടെത്തിയത്. ജൂൺ 15-ാം തീയതിയാണ് വിമാനം തിരുവനന്തപുരത്ത് ഇറക്കിയത്. വിമാനം ലാൻഡ് ചെയ്ത വകയിൽ ഇന്ത്യയ്ക്ക് നൽകാനുള്ള പാർക്കിംഗ്, ഹാങ്ങർ ഫീസുകൾ ഉൾപ്പെടെ ഒടുക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും റിപ്പോർട്ടുകളുണ്ട്.

# ബാലിയിൽ യാത്രാബോട്ട് മുങ്ങി 61 പേരെ കാണാതായി

ബാലി: ഇന്തോനേഷ്യയിലെ ബാലിയിൽ യാത്രാബോട്ട് മുങ്ങി 61 പേരെ കാണാതായതായി റിപ്പോർട്ട്. നാലുപേരെ രക്ഷപെടുത്തി.

ബുധനാഴ്ച രാത്രി 11: 20 ഓടെ ജാവയിൽ നിന്ന് ബാലിയിലേക്ക് പോകുന്നതിനിടെ ബാലി കടലിടുക്കിൽ ബോട്ട് മുങ്ങിയതായി സുരബായ തിരച്ചിൽ, രക്ഷാ ഏജൻസി പ്രസ്താവനയിൽ പറഞ്ഞു.

ബോട്ടിൽ 53 യാത്രക്കാരും 12 ജീവനക്കാരുമാണ് ഉണ്ടായിരുന്നത്. രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ബോട്ടിൽ 22 വാഹനങ്ങളും ഉണ്ടായിരുന്നുവെന്നും റിപ്പോർട്ടുണ്ട്.

17,000 ത്തോളം ദ്വീപുകളുള്ള തെക്കുകിഴക്കൻ ഏഷ്യൻ ദ്വീപസമൂഹമായ ഇന്തോനേഷ്യയിൽ സമുദ്ര അപകടങ്ങൾ പതിവ് സംഭവമാണ്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതാണ് ഇതിന് പ്രധാനകാരണം.

മാർച്ചിൽ, ബാലിയിൽ 16 പേരുമായി പോയ ബോട്ട് മറിഞ്ഞ് ഒരു ഓസ്ട്രേലിയൻ വംശജയായ സ്ത്രീ മരിക്കുകയും ഒരാൾക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

2018ൽ, സുമാത്ര ദ്വീപിലെ ബോട്ട് മുങ്ങി 150ലധികം പേർ മുങ്ങിമരിച്ചിരുന്നു.

# കാലയളവ് നീട്ടി ഉത്തരവായി

കേരള പഞ്ചായത്ത് / മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഈടാക്കുന്ന അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ 10.04.2023 മുതൽ പ്രാബല്യത്തിലുണ്ടായിരുന്ന നിരക്ക് പ്രകാരം ഒടുക്കിയവർക്ക് അധികമായി ഒടുക്കിയ തുക തിരികെ ലഭിക്കുന്നതിന് അപേക്ഷ നൽകുന്നതിനുള്ള കാലയളവ് സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ച് ഉത്തരവായി.

# എംബിഎ (ഡിസാസ്റ്റർ മാനേജ്മെന്റ്): 20 വരെഅപേക്ഷിക്കാം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് നടത്തുന്ന ദ്വിവത്സര എംബിഎ (ഡിസാസ്റ്റർ മാനേജ്മെന്റ്)കോഴ്സിന് ജൂലൈ 20 വരെ അപേക്ഷിക്കാം. പൂർണമായും റസിഡൻഷ്യൽ മാതൃകയിലാണ് ക്ലാസുകൾ ക്രമീകരിച്ചിട്ടുള്ളത്. അവസാന വർഷ ഡിഗ്രി പരീക്ഷ എഴുതിയവർക്കും അപേക്ഷിക്കാം. ആകെ 30 സീറ്റുകളാണുള്ളത്. പ്രോസ്പെക്ടസിനും കൂടുതൽ വിവരങ്ങൾക്കും: www.dm.kerla.gov.in, ഇമെയിൽ :ildm.revenue@gmail.com, ഫോൺ: 8547610005.

# ഉറക്കക്കുറവിന് സൗജന്യ ചികിത്സ

പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിൽ ഒന്നാം നമ്പർ ഒ.പിയിൽ ഉറക്കക്കുറവുള്ള രോഗികൾക്കായി സൗജന്യ ചികിത്സ നൽകും. എല്ലാ ആഴ്ചയും തിങ്കൾ, വ്യാഴം, ശനി ദിവസങ്ങളിൽ രാവിലെ 8 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെയാണ് ഒ.പി. ഫോൺ; 9496370179, 9847827220

# യുപിയിൽ അഭിഭാഷകയെ ഡിജിറ്റൽ അറസ്റ്റ് ചെയ്ത് മൂന്നര കോടി രൂപ കവർന്നതായി പരാതി

ലക്നോ: ഉത്തർപ്രദേശിലെ ഗൗതം ബുദ്ധ നഗറിൽ അഭിഭാഷകയെ ഡിജിറ്റൽ അറസ്റ്റ് ചെയ്ത് മൂന്നര കോടിയോളം രൂപ കവർന്നതായി പരാതി. ഹേമന്തിക വാഹി(72) ആണ് തട്ടിപ്പിന് ഇരയായത്. ഇവരുടെ 3.29 കോടി രൂപ നഷ്ടപ്പെട്ടു.

ജൂൺ 10 ന് തനിക്ക് ഒരു ഫോൺ കോൾ ലഭിച്ചതായും വിളിച്ചയാൾ തന്റെ ആധാർ കാർഡ് ഉപയോഗിച്ച് നാല് ബാങ്ക് അക്കൗണ്ടുകൾ തുറന്നിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും അറിയിച്ചതായി ഹേമന്തിക വാഹി പരാതിയിൽ പറയുന്നു.

ഈ അക്കൗണ്ടുകളിൽ നിന്ന് കണ്ടെത്തിയ പണം ചൂതാട്ടം, ബ്ലാക്ക് മെയിലിംഗ്, നിയമവിരുദ്ധമായി ആയുധങ്ങൾ വാങ്ങൽ എന്നിവയ്ക്കായി ഉപയോഗിച്ചിട്ടുണ്ടെന്ന് വിളിച്ചയാൾ ഹേമന്തികയോടു പറഞ്ഞു.

ഇതിനുപിന്നാലെ പോലീസ് സ്റ്റേഷനിൽ നിന്നാണെന്ന വ്യാജേന തുടരെ ഫോൺ കോളുകൾ വരാൻ തുടങ്ങിയെന്നും ബാങ്കുകളിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ചോദിച്ചതായും അഭിഭാഷക പറഞ്ഞു.

തുടർന്നാണ് തട്ടിപ്പ് സംഘം ഇവരിൽ നിന്നും കവർന്നത്. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു.

# വിദ്യാർഥിയെയും മാതാവിനെയും ചെയർമാൻ ആക്രമിച്ചെന്ന് ആരോപണം

കാട്ടാക്കട: കണ്ടല കേരള അക്കാഡമി ഓഫ് ഫാർമസി കോളജിൽ വിദ്യാർഥികളുടെ ആവശ്യങ്ങൾക്ക് പരിഹാരം കാണാൻ പഞ്ചായത്ത് അംഗങ്ങൾ ഉൾപ്പെടെ യുള്ളവരുടെ സാന്നിധ്യത്തിൽ വിളിച്ചു ചേർത്ത യോഗത്തിൽ സംഘർഷം. കോളജിലെ വിഷയങ്ങൾ സംസാരിക്കവേ ചെയർമാൻ വിദ്യാർഥിയുടെ മാതാവിന്റെ കൈപിടിച്ച് തിരിച്ചുന്നും വിദ്യാർഥിയെ ചവിട്ടുകയും ഷൂ എടുത്തെറിയാൻ തുനിഞ്ഞെന്നും ആരോപണം. കാട്ടാക്കട ഡിവൈഎസ്പി ഇരിക്കുന്ന വേദിയിൽ ആയിരുന്നു ചെയർമാന്റെ അതിക്രമം. ഇതോടെയാണ് സംഘർമുണ്ടായത്. ഇതിനെ തുടർന്നു കോളജ് കാമ്പസിനു പുറത്തുണ്ടായിരുന്ന കെഎസ്‌യു പ്രവർത്തകർ കോളജിനുള്ളിലേക്ക് ഇരച്ചുകയറി. പി ന്നീട് പ്രവർത്തകരും പോലീസും തള്ളലും ഉണ്ടായി. ഇതിനിടെ വിദ്യാർഥിയും മാതാവും പോലീസിനു പരാതിയതിന്റെ അടിസ്ഥാനത്തിൽ ചെയർമാനെ കസ്റ്റഡിയിലെടുക്കാൻ തീരുമാനമായി. ചെയർമാനെ വിലങ്ങുവച്ചുതന്നെ കൊണ്ടുപോകണമെന്നും ആർഡി ഒ സ്ഥലത്തെത്തി തങ്ങളുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണാതെ ചെയർമാനെ കൊണ്ടുപോകാൻ സമ്മതിക്കില്ലെന്നും ചൂണ്ടിക്കാട്ടി വിദ്യാർഥികൾ വാതിലിനു മുന്നിൽ കുത്തിയിരുന്ന് പ്രതിഷേധിച്ചു. വൈകുന്നേരത്തോടെ മൂന്നു വിദ്യാർഥിനികൾ കെട്ടിടത്തിനു മുകളിൽ കയറി ആത്മഹത്യാ ഭീഷണിമുഴക്കി. വിദ്യാർഥികളും പോലീസുകാരും ഇവരെ അനുനയിപ്പിക്കാൻ ശ്രമിച്ചെങ്കിലും ഇവർ കൂട്ടാക്കിയില്ല. ആർഡിഒ എത്തി പ്രശ്നപരിഹാരം കണ്ടില്ലെങ്കിൽ താഴേക്കു ചാടുമെന്നും വിദ്യാർഥികൾ പറഞ്ഞു. ഇതോടെ വീണ്ടും വലിയ സംഘർഷവസ്ഥയുയായി. തുടർന്നു കാട്ടാക്കട തഹസിൽദാർ ശ്രീകുമാർ സ്ഥലത്തെത്തി ഡിവൈഎസ്പിയുടെ സാന്നിധ്യത്തിൽ ചെയർമാനുമായി സംസാരിച്ചു വിദ്യാർഥികളുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണാമെന്നു പറഞ്ഞു. ഇതോടെ ചെയർമാൻ അയഞ്ഞു. തങ്ങളുടെ ആവശ്യങ്ങൾക്ക് തീരുമാനം ഉണ്ടാക്കാമെന്നറിഞ്ഞതോടെ വിദ്യാർഥിനികൾ താഴെയിറങ്ങി. പ്രശ്നപരിഹാരം കാണുന്നതുവരെ കോളജ് അടച്ചിടാമെന്നു കോളജ് ചെയർമാൻ മുഹമ്മദ് ഷംസീർ ഡിവൈഎസ്പിക്ക് രേഖാമൂലം ഉറപ്പ് നൽകി. കോളജിനെതിരെയുള്ള പരാതികളെക്കുറിച്ചു വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ടുള്ള അന്വേഷണം നടത്തി പരിഹാരം കാണാമെന്നും തഹസിൽദാർ ശ്രീകുമാർ ചർച്ചയ്ക്കുശേഷം വിദ്യാർഥികൾക്ക് ഉറപ്പു നൽകി. ശേഷം ചെയർമാനെ പോലീസ് കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിലേക്കു കൊണ്ടുപോയി. രാത്രി ഏഴര മണിയോടെ പ്രതിഷേധങ്ങൾ അവസാനിച്ചു. ബുധനാഴ്ച ഉച്ചയോടെയാണു യോഗം ആരംഭിച്ചത്. യൂണിവേഴ്സിറ്റി നിഷ്കർഷിച്ചിട്ടുള്ള ഫീസിനു പുറമെ പുതുതായി അഡ്മിഷൻ എടുത്ത കുട്ടികളിൽനിന്ന് അധിക തുക നൽകാൻ ആവശ്യപ്പെടുന്നുവെന്നാരോപിച്ചു ഇക്കഴിഞ്ഞ ദിവസം കോളജ് മാനേജരെ വിദ്യാർത്ഥികൾ ഗേറ്റിൽ തടഞ്ഞു പ്രതിഷേധിച്ചിരുന്നു. തുടർന്ന് കാട്ടാക്കട ഡിവൈഎസ്പി റാഫിയുടെ സാന്നിധ്യത്തിൽ നടന്ന ചർച്ചയിലാണ് ബുധനാഴ്ച പ്രശ്ന പരിഹാരത്തിന് യോഗം ചേരാൻ തീരുമാനിച്ചത്. ഈ യോഗത്തിനിടെയാണ് ചെയർമാൻ രക്ഷിതാവിനെയും ഇവരുടെ മകനെയും കൈയേറ്റം ചെയ്തതും തുടർന്നുള്ള സംഭവ വികാസങ്ങൾ ഉണ്ടായതും.

# പ്ലാസ്റ്റിക് വിരുദ്ധ ദിനത്തിൽ വിവിധ പരിപാടികളുമായി ശുചിത്വമിഷൻ

ജൂലൈ 3 അന്തർദേശീയ പ്ലാസ്റ്റിക് ക്യാരി ബാഗ് വിരുദ്ധ ദിനത്തിൽ വിവിധ പരിപാടികൾക്ക് തുടക്കം കുറിച്ച് ശുചിത്വമിഷൻ. പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം കുറച്ച് തുണിസഞ്ചികളുടെയും മറ്റു ബദൽ ഉൽപ്പന്നങ്ങളുടെയും ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി ശുചിത്വമിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്താകെ വിവിധ പരിപാടികളാണ് സംഘടിപ്പിച്ചത്.

ആലപ്പുഴ ജില്ല ശുചിത്വ മിഷൻ സംഘടിപ്പിച്ച 'സാരി തരൂ സഞ്ചി തരാം' ക്യാമ്പയിന്റെ ഭാഗമായി ഒരു ലക്ഷം തുണി സഞ്ചികൾ വിദ്യാർത്ഥികൾക്കും വീടുകളിലും കച്ചവട സ്ഥാപനങ്ങളിലും ആയി വിതരണം നടത്തി.

ഹരിതസഹായ സ്ഥാപനമായ ഐആർടിസിയും സയൻസ് പോർട്ടലായ ലൂക്കയും ചേർന്ന് പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന പാഴ് പുതുക്കത്തിന്റെ (അപ് സൈക്കിൾ ഫെസ്റ്റിവൽ) ഭാഗമായാണ് സഞ്ചി വിതരണം സംഘടിപ്പിച്ചത്. അപ് സൈക്കിൾ ഫെസ്റ്റിവലിന്റെ ഭാഗമായി തൃശ്ശൂർ, കൊല്ലം ജില്ലകളിലും തുണിസഞ്ചി വിതരണം നടന്നു.

കോഴിക്കോട് ജില്ലാ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ നാഷണൽ സർവ്വീസ് സ്കീമിന്റെ സഹകരണത്തോടു കൂടി കോഴിക്കോട് ജില്ലയിലെ മുഴുവൻ കോളേജുകളിലെയും നിരഞ്ഞെടുക്കപ്പെട്ട 2 വീതം വളണ്ടിയർമാരെ ഉൾപ്പെടുത്തി സ്വച്ഛ് ക്യാമ്പസ് അമ്പാസിഡേഴ്സ് മീറ്റ് പരിപാടി സംഘടിപ്പിച്ചു.

തിരുവനന്തപുരം ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിൽ ഗവൺമെന്റ് എൽ.പി.എസ് ഊളമ്പാറ സ്കൂളിലെ വിദ്യാർഥികൾക്ക് തുണിസഞ്ചിയും 'എക്കോ സിപ്' ക്യാമ്പയിന്റെ ഭാഗമായി സ്റ്റീൽ ബോട്ടിലുകളും വിതരണം ചെയ്തു. മാലിന്യ മുക്തം രോഗമുക്തം എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സും വിദ്യാർത്ഥികൾക്ക് നൽകി.

കണ്ണൂർ ജില്ലയിൽ നിരോധിത ഉത്പന്നങ്ങളെക്കുറിച്ച് എൻഫോഴ്സ്മെന്റ് ഓഫീസർ ശുചിത്വ മിഷൻ റിസോഴ്സ് പേഴ്സൺമാർക്ക് ക്ലാസ് നൽകി. ജില്ലയിലെ ഹരിതകർമ്മസേന വാതിൽപ്പടി ശേഖരണത്തോടൊപ്പം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം കുറക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും വീടുകളിൽ കയറി ബോധവൽക്കരണം നടത്തുകയും ചെയ്തു.

കൊല്ലം, കണ്ണൂർ, കാസർകോട്, പാലക്കാട് ജില്ലാ ശുചിത്വമിഷൻ ജീവനക്കാർ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ പൂർണമായി ഒഴിവാക്കുന്നതിനും പുനരുപയോഗ ഉൽപ്പന്നങ്ങളുടെ ഉപയോഗം കൂടുതൽ സജ്ജമാക്കുന്നതിന് സുസ്ഥിര ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനും പ്രതിജ്ഞ എടുത്തു.

പ്ലാസ്റ്റിക് ക്യാരി ബാഗ് വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാനമിഷനും ജില്ലാ മിഷനുകളും പോസ്റ്ററുകളിലൂടെയും വീഡിയോകളിലൂടെയും ഉള്ള പ്രചാരണവും സംഘടിപ്പിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# രക്ഷാപ്രവർത്തനം വൈകി, ആളൊഴിഞ്ഞ കെട്ടിടമെന്ന് തെറ്റിദ്ധരിപ്പിച്ചു: പ്രതിഷേധവുമായി ചാണ്ടി ഉമ്മൻ എംഎൽഎ

കോട്ടയം: മെഡിക്കൽ കോളജ് കെട്ടിടം തകർന്നു വീണ് ഒരു സ്ത്രീ മരിച്ചതിനു പിന്നാലെ സ്ഥലത്ത് പ്രതിഷേധവുമായി പുതുപ്പള്ളി എംഎൽഎ ചാണ്ടി ഉമ്മൻ. രക്ഷാപ്രവർത്തനം വൈകിയെന്ന് ചൂണ്ടിക്കാട്ടിയാണ് പ്രതിഷേധം.അപകടം ഉണ്ടായപ്പോൾ തന്നെ രക്ഷാപ്രവർത്തനത്തിനുള്ള ശ്രമങ്ങൾ വേണ്ടരീതിയിൽ കൈകാര്യം ചെയ്തില്ല. ആളൊഴിഞ്ഞ കെട്ടിടമെന്ന് പറഞ്ഞ് തെറ്റിദ്ധരിപ്പിച്ചു. തെറ്റായ വാർത്തകൾ പരത്താൻ ശ്രമിച്ചു. രക്ഷാപ്രവർത്തനം വൈകിയതിന് കാരണം ഇതാണെന്നും ചാണ്ടി ഉമ്മൻ പറഞ്ഞു. പൊളിഞ്ഞുവീണത് ഉപയോഗരഹിതമായ കെട്ടിടമാണെന്നാണ് അപകടസ്ഥലത്തെത്തിയ മന്ത്രിമാരായ വി. എൻ. വാസവനും വീണാ ജോർജും അറിയിച്ചിരുന്നത്. ആശുപത്രി വാർഡുമായി ബന്ധമില്ലാത്ത കെട്ടിടമാണിത്. ഉപയോഗശൂന്യമായ സാധനങ്ങൾ ശേഖരിച്ചിരുന്ന സ്ഥലമാണിതെന്നും മന്ത്രിമാർ പറഞ്ഞു. ഇന്നു രാവിലെ 11-ഓടെയാണ് അപകടമുണ്ടായത്. ആശുപത്രിയുടെ 14-ാം വാർഡിന്റെ ഒരു ഭാഗമാണ് പൊളിഞ്ഞുവീണത്. അപകടത്തിൽ തലയോലപ്പറമ്പ് സ്വദേശി ബിന്ദു (56) മരിച്ചു. 13-ാം വാർഡിലെ രോഗിയുടെ കൂട്ടിരിപ്പുകാരിയായിരുന്ന ബിന്ദു 14-ാം വാർഡിലെ ശുചിമുറിയിൽ കുളിക്കാൻ പോയതായിരുന്നു. കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിയ ബിന്ദുവിനെ അപകടത്തിനു ശേഷം രണ്ടര മണിക്കൂർ കഴിഞ്ഞാണ് പുറത്തെടുത്തത്. ഉടൻതന്നെ അത്യാഹിത വിഭാഗത്തിലെത്തിച്ചെങ്കിലും മരണം സംഭവിക്കുകയായിരുന്നു.അപകടത്തിൽ വയനാട് മീനങ്ങാടി സ്വദേശി അലീന വിൻസൻറിന് (11) പരുക്കേറ്റിട്ടുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ് പത്താം വാർഡിൽ ചികിത്സയിൽ കഴിയുന്ന മുത്തശ്ശി ത്രേസ്യാമ്മയുടെ കൂടെ കൂട്ടിരിപ്പുകാരിയായി നിൽക്കുകയായിരുന്നു അലീന. പരിക്ക് ഗുരുതരമല്ലെന്നാണ് ഡോക്ടർമാർ അറിയിച്ചത്. അതേസമയം, രോഗികളെ ഒഴിപ്പിക്കുന്നതിനിടെ അത്യാഹിത വിഭാഗത്തിലെ ജീവനക്കാരൻ അമൽ പ്രദീപിനു ട്രോളി വന്നിടിച്ച് നിസാര പരുക്കേറ്റു. കുടുങ്ങിക്കിടന്നത് രണ്ടര മണിക്കൂർ; മെഡിക്കൽ കോളജ് അപകടത്തിൽ സ്ത്രീക്ക് ദാരുണാന്ത്യം

# പോരായ്മകൾ സമ്മതിച്ച് തിരുത്തണം, മന്ത്രിമാർ എത്ര തേച്ചുമായ്ച്ചു കളയാൻ ശ്രമിച്ചാലും നടക്കില്ല: സണ്ണി ജോസഫ്

കോട്ടയം: കോട്ടയം മെഡിക്കൽ കോളജിൽ കെട്ടിടം തകർന്നുവീണത് ആരോഗ്യരംഗത്തെ അരക്ഷിതാവസ്ഥയാണ് വെളിവാക്കുന്നതെന്ന് കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ് എംഎൽഎ. ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കെട്ടിടമായതുകൊണ്ടാണ് ആളുകൾക്ക് പരിക്കുപറ്റിയതെന്നും കെട്ടിടത്തിന് കാലപ്പഴക്കം ഉണ്ടായിരുന്നെങ്കിൽ പൊളിച്ചു മാറ്റണമായിരുന്നുവെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

അനാസ്ഥയെ ന്യായീകരിക്കാൻ ശ്രമിക്കുന്നത് തികഞ്ഞ പരാജയമാണ്. അപാകതകളെ മന്ത്രിമാർ എത്ര തേച്ചുമായ്ച്ചു കളയാൻ ശ്രമിച്ചാലും നടക്കില്ല. പോരായ്മകൾ സമ്മതിച്ച് തിരുത്തൽ വരുത്തണമെന്നും സണ്ണി ജോസഫ് വ്യക്തമാക്കി.

ഇന്നു രാവിലെ 11-ഓടെയാണ് അപകടമുണ്ടായത്. ആശുപത്രിയുടെ 14-ാം വാർഡിന്റെ ഒരു ഭാഗമാണ് പൊളിഞ്ഞുവീണത്. അപകടത്തിൽ തലയോലപ്പറമ്പ് സ്വദേശി ബിന്ദു (56) മരിച്ചു. 13-ാം വാർഡിലെ രോഗിയുടെ കൂട്ടിരിപ്പുകാരിയായിരുന്ന ബിന്ദു 14-ാം വാർഡിലെ ശുചിമുറിയിൽ കുളിക്കാൻ പോയതായിരുന്നു. കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിയ ബിന്ദുവിനെ അപകടത്തിനു ശേഷം രണ്ടര മണിക്കൂർ കഴിഞ്ഞാണ് പുറത്തെടുത്തത്. ഉടൻതന്നെ അത്യാഹിത വിഭാഗത്തിലെത്തിച്ചെങ്കിലും മരണം സംഭവിക്കുകയായിരുന്നു.

അപകടത്തിൽ വയനാട് മീനങ്ങാടി സ്വദേശി അലീന വിൻസൻറിന് (11) പരുക്കേറ്റിട്ടുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ് പത്താം വാർഡിൽ ചികിത്സയിൽ കഴിയുന്ന മുത്തശ്ശി ത്രേസ്യാമ്മയുടെ കൂടെ കൂട്ടിരിപ്പുകാരിയായി നിൽക്കുകയായിരുന്നു അലീന. പരിക്ക് ഗുരുതരമല്ലെന്നാണ് ഡോക്ടർമാർ അറിയിച്ചത്.

അതേസമയം, രോഗികളെ ഒഴിപ്പിക്കുന്നതിനിടെ അത്യാഹിത വിഭാഗത്തിലെ ജീവനക്കാരൻ അമൽ പ്രദീപിനു ട്രോളി വന്നിടിച്ച് നിസാര പരുക്കേറ്റു.

# ആലപ്പുഴയിൽ പിതാവ് മകളെ കൊലപ്പെടുത്തിയത് വീട്ടിൽ വൈകി വന്നതിന്; പ്രതി കുറ്റം സമ്മതിച്ചു

ആലപ്പുഴ: ഓമനപ്പുഴയിൽ യുവതിയെ പിതാവ് കഴുത്ത് ഞെരിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ കൂടുതൽ വിവരങ്ങൾ പുറത്ത്. ജോസ്മോനും മകൾ ജാസ്മിനും തമ്മിൽ തർക്കമുണ്ടായത് വീട്ടിൽ വൈകിയെത്തിയതിനെ തുടർന്നെന്നാണ് കണ്ടെത്തൽ. ജോസ്മോന്റെ ഭാര്യയുടെയും മാതാപിതാക്കളുടെയും കൺമുന്നിൽവച്ചായിരുന്നു കൊലപാതകം. തർക്കത്തിനിടെ ജോസ്മോൻ ജാസ്മിന്റെ കഴുത്ത് ഞെരിച്ചു. ഇതോടെ അബോധാവസ്ഥയിലായ ജാസ്മിനെ മുറിയിൽ കയറ്റി കതകടച്ചു.

തുടർന്ന് കഴുത്തിൽ തോർത്ത് കുരുത്തി മരണം സ്ഥിരീകരിക്കുകയായിരുന്നു. ആത്മഹത്യയെന്ന് വരുത്തിത്തീർക്കാൻ മൃതദേഹം കിടപ്പുമുറിയിലെ കട്ടിലിൽ കിടത്തി. പിന്നീട് ജോസ്മോൻ മകൾക്ക് ഹൃദയാഘാതമുണ്ടായെന്നും മകൾ അനങ്ങുന്നില്ലെന്നും ബന്ധുക്കളോടും അയൽക്കാരോടും പറഞ്ഞു. പഞ്ചായത്ത് അംഗങ്ങൾ ഉൾപ്പെടെ വന്ന് മൃതദേഹം ആശുപത്രിയിൽ എത്തിച്ചപ്പോൾ ആശുപത്രി അധികൃതർക്ക് ഹൃദയാഘാതത്തെ തുടർന്നുള്ള മരണമല്ലെന്ന് വ്യക്തമാകുകയായിരുന്നു.ഇതോടെ ഇവർ പോലീസിൽ വിവരം അറിയിച്ചു. മണിക്കൂറുകൾ നീണ്ട ചോദ്യം ചെയ്യലിനൊടുവിലാണ് പ്രതി കുറ്റം സമ്മതിച്ചത്. ഭർത്താവുമായി പിണങ്ങി ജാസ്മിൻ ഏറെ നാളുകളായി സ്വന്തം വീട്ടിൽ കഴിയുകയായിരുന്നു. കുറച്ച് ദിവസങ്ങളായി മകൾ വീട്ടിൽ വൈകിയെത്തുന്നതിൽ ജോസ്മോന് കടുത്ത അമർഷമുണ്ടായിരുന്നു. ഇതേ ചൊല്ലിയുള്ള തർക്കമാണ് കൊലപാതകത്തിൽ കലാശിച്ചത്.


# പോരായ്മകൾ സമ്മതിച്ച് തിരുത്തണം, മന്ത്രിമാർ എത്ര തേച്ചുമായ്ച്ചു കളയാൻ ശ്രമിച്ചാലും നടക്കില്ല: സണ്ണി ജോസഫ്

കോട്ടയം: കോട്ടയം മെഡിക്കൽ കോളജിൽ കെട്ടിടം തകർന്നുവീണത് ആരോഗ്യരംഗത്തെ അരക്ഷിതാവസ്ഥയാണ് വെളിവാക്കുന്നതെന്ന് കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ് എംഎൽഎ. ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കെട്ടിടമായതുകൊണ്ടാണ് ആളുകൾക്ക് പരിക്കുപറ്റിയതെന്നും കെട്ടിടത്തിന് കാലപ്പഴക്കം ഉണ്ടായിരുന്നെങ്കിൽ പൊളിച്ചു മാറ്റണമായിരുന്നുവെന്നും അദ്ദേഹം കുറ്റപ്പെടുത്തി. അനാസ്ഥയെ ന്യായീകരിക്കാൻ ശ്രമിക്കുന്നത് തികഞ്ഞ പരാജയമാണ്. അപാകതകളെ മന്ത്രിമാർ എത്ര തേച്ചുമായ്ച്ചു കളയാൻ ശ്രമിച്ചാലും നടക്കില്ല. പോരായ്മകൾ സമ്മതിച്ച് തിരുത്തൽ വരുത്തണമെന്നും സണ്ണി ജോസഫ് വ്യക്തമാക്കി. ഇന്നു രാവിലെ 11-ഓടെയാണ് അപകടമുണ്ടായത്.


# തൃശൂരിൽ അടിപ്പാത നിർമാണത്തിനെടുത്ത കുഴിയിലേക്ക് കാർ മറിഞ്ഞു

തൃശൂർ: മുരിങ്ങൂരിൽ ദേശീയപാതയിൽ നിർമാണത്തിനായിയെടുത്ത കുഴിയിൽ കാർ മറിഞ്ഞ് അപകടം. യാത്രക്കാർ അത്ഭുതകരമായി രക്ഷപ്പെട്ടു. പുലർച്ചെ അഞ്ചിനാണ് അപകടമുണ്ടായത്. പുരിങ്ങോരിൽ അടിപ്പാത നിർമിക്കാനെടുത്ത കുഴിയിലാണ് കാർ വീണത്. തിരുവനന്തപുരം സ്വദേശി മനു, തൃശൂർ സ്വദേശി വിൽസൺ എന്നിവരായിരുന്നു കാറിലുണ്ടായിരുന്നത്. തിരുവനന്തപുരത്ത് നിന്നും തൃശൂരിലേക്ക് പോകുകയായിരുന്നു ഇവർ. മഴയത്ത് മുന്നിലുണ്ടായിരുന്ന വാഹനം പെട്ടെന്ന് നിർത്തിയപ്പോൾ ഇവർ വാഹനം നിർത്തുകയും തെന്നി കുഴിയിലേക്ക് മറിയുകയായിരുന്നു. ഇരുവരും പരിക്കേല്ക്കാതെ രക്ഷപ്പെട്ടു.

# വി. എസ്. അച്യുതാനന്ദന്റെ ആരോഗ്യനില മാറ്റമില്ലാതെ തുടരുന്നു; പുതിയ മെഡിക്കൽ ബുള്ളറ്റിൻ പുറത്ത്

തിരുവനന്തപുരം: ഹൃദയാഘാതത്തെ തുടർന്ന് തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മുൻ മുഖ്യമന്ത്രിയും മുതിർന്ന സിപിഎം നേതാവുമായ വി. എസ്. അച്യുതാനന്ദന്റെ ആരോഗ്യനില മാറ്റമില്ലാതെ തുടരുന്നുവെന്ന് മെഡിക്കൽ ബുള്ളറ്റിൻ. വെൻറിലേറ്ററിന്റെ സഹായത്തോടെ ആണ് അദ്ദേഹത്തിന്റെ ജീവൻ നിലനിർത്തുന്നത്.

തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിക്കപ്പെട്ട വി. എസിന് തുടർച്ചയായ ഡയാലിസിസ് നടത്താനാണ് മെഡിക്കൽ ബോർഡ് നിർദേശം.

ആരോഗ്യസ്ഥിതി മോശമായതിനാൽ ബുധനാഴ്ച രണ്ട് തവണ വി. എസിന് ഡയാലിസിസ് നിർത്തിവയ്ക്കേണ്ടി വന്നിരുന്നു. രക്തസമ്മർദവും വൃക്കകളുടെ പ്രവർത്തനവും സാധാരണ നിലയിലാക്കാൻ ചികിത്സ തുടരുന്നുണ്ട്. കടുത്ത ഹൃദയാഘാതത്തെ തുടർന്ന് പത്ത് ദിവസം മുൻപാണ് വിഎസിനെ തിരുവനന്തപുരം എസ്‌യു ടി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

അടച്ചിട്ടിരുന്ന കെട്ടിടമെന്ന മന്ത്രിമാരുടെ വാദം തെറ്റിദ്ധരിപ്പിച്ചു; രക്ഷാപ്രവർത്തനത്തിൽ ഗുരുതര വീഴ്ച.

# തൃശൂരിൽ കെഎസ്ആർടിസി ബസും ലോറിയും കൂട്ടിയിടിച്ചു; 12 പേർക്ക് പരിക്ക്

തൃശൂർ: പന്നിത്തടത്ത് കെഎസ്ആർടിസി ബസും മീൻ ലോറിയും തമ്മിൽ കൂട്ടിയിടിച്ച് വൻ അപകടം. ബസ് ഡ്രൈവറും കണ്ടക്ടറും ഉൾപ്പടെ 12 പേർക്ക് അപകടത്തിൽ പരിക്കേറ്റു.ഇന്ന് പുലർച്ചെ ഒന്നരയോടെയാണ് അപകടം നടന്നത്. കോഴിക്കോട് നിന്ന് കുമളിയിലേക്ക് പോകുകയായിരുന്ന കെഎസ്ആർടിസി ബസും കുന്നംകുളത്ത് നിന്ന് വരികയായിരുന്ന മീൻ ലോറിയുമാണ് കൂടിയിടിച്ചത്. കൂടിയിടിച്ച വാഹനങ്ങൾ ഇടിച്ച് കയറി രണ്ട് കടകളും തകർന്നിട്ടുണ്ട്. പരിക്കേറ്റ മുഴുവൻ ആളുകളേയും കുന്നംകുളത്തുള്ള സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ബസ് ഡ്രൈവറുടെ നില ഗുരുതരമാണ്. അപകടത്തിൽ കെഎസ്ആർടിസി ബസിന്റെയും മീൻലോറിയുടേയും മുൻവശം പൂർണമായും തകർന്നു.

# തിരുവനന്തപുരം കുന്നത്തുകാലിൽ വീടു മാറി ആക്രമിച്ച സംഭവം; ഒരാൾ അറസ്റ്റിൽ

തിരുവനന്തപുരം: കുന്നത്തുകാൽ പഞ്ചായത്തിൽ വീടു മാറി ആക്രമിച്ച 10 അംഗ സംഘത്തിലെ ഒരാൾ അറസ്റ്റിൽ. വണ്ടിത്തടം സ്വദേശി സുജിത്ത് (24) ആണ് അറസ്റ്റിലായത്. ബുധനാഴ്ചയാണ് സുജിത്ത് അറസ്റ്റിലായത്.

നിലമാമൂട് എള്ളുവിള സ്വദേശി സലിംകുമാറിന്റെ (59) വീട്ടിലാണ് സംഘം ശനിയാഴ്ച രാത്രി ആക്രമണം നടത്തിയത്. എള്ളുവിള സ്വദേശി പ്രവീണിന്റെ വീടെന്ന് തെറ്റിദ്ധരിച്ചാണ് സമീപത്തുള്ള സലിം കുമാറിന്റെ വീട് ആക്രമിച്ചത്.

വീട്ടിൽ കയറി ഭീകരാന്തരീക്ഷം സൃഷ്ടിച്ച ശേഷം വാതിലുകളും ജനാലകളും മാരകായുധങ്ങളും ഉപയോഗിച്ച് വെട്ടി നശിപ്പിക്കുകയായിരുന്നു. ബഹളം കേട്ട് നാട്ടുകാർ എത്തിയപ്പോൾ പ്രതികൾ ഓടി രക്ഷപ്പെടുകയായിരുന്നു.

മറ്റുപ്രതികൾക്കായി അന്വേഷണം തുടരുകയാണ്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# തിരുവനന്തപുരത്ത് തെരുവുനായ ആക്രമണം; 20 പേർക്ക് കടിയേറ്റു

തിരുവനന്തപുരം: പോത്തൻകോട് തെരുവുനായ ആക്രമണം. ഇരുപത് പേർക്ക് നായയുടെ കടിയേറ്റു.

ബുധനാഴ്ച വൈകുന്നേരമാണ് തെരുവുനായയുടെ ആക്രമണം ഉണ്ടായത്. എല്ലാവരുടെയും കാലിലാണ് നായ കടിച്ചത്. നായയെ ഇതുവരെ കണ്ടെത്താനായില്ല.

# 'അച്ചടക്ക നടപടി പ്രതീക്ഷിക്കുന്നു, എന്തു ശിക്ഷയും ഏറ്റുവാങ്ങാൻ തയാർ': ചുമതലകൾ കൈമാറി ഡോ. ഹാരിസ് ചിറയ്ക്കൽ

തിരുവനന്തപുരം: മെഡിക്കൽ കോളജിലെ പരിമിതികൾ ചൂണ്ടിക്കാട്ടി നടത്തിയ തുറന്നു പറച്ചിലിൽ നടപടി ഉണ്ടാകുമെന്ന് കരുതുന്നുവെന്ന് ഡോ. ഹാരിസ് ചിറയ്ക്കൽ. തുറന്നു പറഞ്ഞത് ശരിയല്ലെന്ന് അറിയാം, പക്ഷേ വേറെ മാർഗങ്ങളില്ലായിരുന്നു. എന്തു ശിക്ഷയും ഏറ്റുവാങ്ങാൻ തയാറാണെന്നും അദ്ദേഹം മാധ്യമങ്ങളോടു പറഞ്ഞു.

നടപടിയെ ഭയക്കുന്നില്ല. എന്ത് ശിക്ഷയും ഏറ്റുവാങ്ങാൻ തയാറാണ്. തന്റെ മാർഗം തെറ്റായിരുന്നുവെന്ന് ബോധ്യമുണ്ട്. പക്ഷേ അതിന് ഫലം ഉണ്ടായി. ശസ്ത്രക്രിയ കഴിഞ്ഞ് രോഗികൾ മടങ്ങുന്നു. ഏറെ സന്തോഷകരമാണ്. അവരുടെ പുഞ്ചിരിയാണ് ഏറെ സമാധാനമെന്നും ഡോ. ഹാരിസ് പറഞ്ഞു.

ജോലി നഷ്ടപ്പെടുമെന്ന ഭയമില്ല. പോരാട്ടം നടത്തിയത് ബ്യൂറോക്രസിക്കെതിരെയാണ്. സസ്പെൻഷനോ മറ്റു നടപടികളോ പ്രതീക്ഷിക്കുന്നതിനാൽ, വകുപ്പ് മേധാവി എന്ന നിലയിൽ ചുമതലകളും രേഖകളും ജൂനിയർ ഡോക്ടർക്ക് കൈമാറിയതായും അദ്ദേഹം കൂട്ടിച്ചേർത്തു.

കഴിഞ്ഞ ദിവസങ്ങളിൽ അന്വേഷണ സമിതിക്ക് മുമ്പിൽ താൻ പറഞ്ഞ കാര്യങ്ങളിൽ തെളിവുകൾ നൽകിയിട്ടുണ്ട്. മെഡിക്കൽ കോളജിലെ സഹപ്രവർത്തകരും അന്വേഷണ സമിതിക്ക് മൊഴി കൊടുത്തിട്ടുണ്ട്. നടപടിക്രമങ്ങൾ ലളിതമാക്കുന്നതുമായി ബന്ധപ്പെട്ട് അന്വേഷണ സമിതിക്ക് തന്റെ നിർദേശങ്ങൾ എഴുതി നൽകിയിട്ടുണ്ട്.

പരിമിതികൾ ചൂണ്ടിക്കാട്ടി ഫെയ്സ്ബുക്ക് പോസ്റ്റിട്ടപ്പോൾ ഇത്രയും പ്രതീക്ഷിച്ചിരുന്നില്ല. ആരോഗ്യവകുപ്പ് ശ്രദ്ധിക്കണമെന്നുമാത്രമാണ് വിചാരിച്ചത്. രോഗികൾക്ക് അടിയന്തരമായി സഹായം എത്തിക്കണമെന്നു മാത്രമാണ് കരുതിയത്. എന്നാൽ എന്തുകൊണ്ടോ വിചാരിച്ചതിനും അപ്പുറത്തേക്ക് പോയി. മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയും സിപിഎമ്മും എന്നും തനിക്കൊപ്പം നിന്നു. തന്റെ പോസ്റ്റ് അവർക്കെതിരെ ഉപയോഗിക്കുന്നത് കണ്ടപ്പോൾ വേദനിച്ചുവെന്നും ഡോ. ഹാരിസ് കൂട്ടിച്ചേർത്തു.

# വിസിയുടേത് അധികാര ദുർവിനിയോഗം; രജിസ്ട്രാർക്ക് പദവിയിൽ തുടരാമെന്ന് ആർ. ബിന്ദു

തിരുവനന്തപുരം: കേരള സർവകലാശാല രജിസ്ട്രാറെ വിസി സസ്പെൻഡ് ചെയ്ത സംഭവത്തിൽ പ്രതികരണവുമായി ഉന്നതവിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി. രജിസ്ട്രാർക്ക് പദവിയിൽ തുടരാമെന്നും അതിന് തടസമില്ലെന്നും മന്ത്രി പ്രതികരിച്ചു.

വിസിയുടേത് അധികാര ദുർവിനിയോഗമാണ്. നിയമോപദേശം തേടിയ ശേഷം സർക്കാർ കോടതിയെ സമീപിക്കുമെന്നും മന്ത്രി അറിയിച്ചു.

സർവകലാശാലകളിൽ കാവിവത്കരണ അജണ്ട നടപ്പാക്കാനാണ് ഗവർണർമാർ ശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായ പ്രവർത്തനങ്ങളാണ് കേരളത്തിലെ സർവകലാശാലകളിലും കാണുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കാവിക്കൊടിയേന്തിയ ഭാരതാംബയുടെ ചിത്രം വെച്ചുള്ള സെനറ്റ് ഹാളിലെ പരിപാടി റദ്ദാക്കിയ സംഭവത്തിലാണ് രജിസ്ട്രാർ കെ. എസ്. അനിൽകുമാറിനെ വൈസ് ചാൻസലർ ഡോ. മോഹൻ കുന്നുമ്മൽ അന്വേഷണ വിധേയമായി സസ്പെൻഡു ചെയ്തത്. ഗവർണറോട് അനാദരവ് കാണിച്ചെന്നുള്ള അന്വേഷണ റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിലായിരുന്നു നടപടി.

# വിസിയുടെ നടപടി ചട്ടവിരുദ്ധം; ചട്ടമ്പിത്തരം അനുവദിക്കില്ലെന്ന് മന്ത്രി ശിവൻകുട്ടി

തിരുവനന്തപുരം: കേരള സർവകലാശാല രജിസ്ട്രാറെ വിസി സസ്പെൻഡ് ചെയ്തതിനെതിരേ വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി. വിസിയുടേത് ചട്ടവിരുദ്ധ നടപടിയാണെന്ന് മന്ത്രി പ്രതികരിച്ചു.

ഗവർണർ എല്ലാം പ്ലാൻ ചെയ്ത് നടപ്പാക്കുന്നു. ചട്ടമ്പിത്തരം അനുവദിക്കില്ല. ഗവർണറുടെ കൂലിതല്ലുകാരനെപ്പോലെയാണ് വിസി പ്രവർത്തിക്കുന്നതെന്നും മന്ത്രി വിമർശിച്ചു.

ഭാരതാംബയെ രജിസ്ട്രാർ മാനിച്ചില്ലെന്നാണ് ആരോപണമായി ഉന്നയിക്കുന്നത്. ആരാണ് ഭാരതാംബ. കാവിക്കൊടിയേന്തിയ ഒരു സഹോദരി അല്ലെങ്കിൽ ഒരു വനിത മാത്രമാണെന്നും മന്ത്രി പറഞ്ഞു.

ചട്ടലംഘനം മൂലം പരിപാടി റദ്ദാക്കിയെന്ന് അറിഞ്ഞതിന് ശേഷവും ആ പരിപാടിയിൽ പങ്കെടുത്ത ഗവർണറാണ് ഗുരുതരമായ ചട്ടലംഘനം നടത്തിയിരിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കാവിക്കൊടിയേന്തിയ ഭാരതാംബയുടെ ചിത്രം വെച്ചുള്ള സെനറ്റ് ഹാളിലെ പരിപാടി റദ്ദാക്കിയ സംഭവത്തിലാണ് രജിസ്ട്രാർ കെ. എസ്. അനിൽകുമാറിനെ വൈസ് ചാൻസലർ ഡോ. മോഹൻ കുന്നുമ്മൽ അന്വേഷണ വിധേയമായി സസ്പെൻഡു ചെയ്തത്. ഗവർണറോട് അനാദരവ് കാണിച്ചെന്നുള്ള അന്വേഷണ റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിലായിരുന്നു നടപടി.

# വീണാ ജോർജ് വൻ പരാജയം, ആരോഗ്യവകുപ്പ് അനാരോഗ്യ വകുപ്പായി: കെ മുരളീധരൻ

തിരുവനന്തപുരം: മെഡിക്കൽ കോളജ് വിഷയത്തിൽ ആരോഗ്യമന്ത്രി വീണാ ജോർജിനെതിരേ രൂക്ഷവിമർശനവുമായി മുതിർന്ന കോൺഗ്രസ് നേതാവ് കെ. മുരളീധരൻ. ആരോഗ്യ മന്ത്രി വൻ പരാജയമാണെന്നും ആരോഗ്യവകുപ്പ് അനാരോഗ്യ വകുപ്പായി മാറിയെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

സംസ്ഥാനം കണ്ട ഏറ്റവും മോശം ആരോഗ്യ മന്ത്രിയാണ് വീണാ ജോർജ്. വിമർശനം ചൂണ്ടിക്കാട്ടിയാൽ വ്യക്തിയാധിക്ഷേപമാണ് മന്ത്രി നടത്തുന്നത്. മന്ത്രിയുടെ അധിക്ഷേപത്തിന് താൻ മറുപടി പറയുന്നില്ല. മുൻകാല സർക്കാരുകൾ ആരോഗ്യ രംഗം നന്നായാണ് കൈകാര്യം ചെയ്തത്. ഇപ്പോൾ എന്തെങ്കിലും പറയുമ്പോൾ ഫ്ലാഷ് ബാക്ക് നോക്കാനാണ് ആരോഗ്യമന്ത്രി പറയുന്നതെന്നും അദ്ദേഹം പരിഹസിച്ചു.

# ഡിവൈഎഫ്ഐ രാജ്ഭവൻ മാർച്ചിൽ കേസെടുക്കണം; ഡിജിപിയെ അതൃപ്തി അറിയിച്ച് ഗവർണർ

തിരുവനന്തപുരം: ഡിവൈഎഫ്ഐ രാജ്ഭവൻ മാർച്ചിൽ സുരക്ഷാവീഴ്ചയുണ്ടായെന്ന് ഗവർണർ രാജേന്ദ്ര അർലേക്കർ. സംഭവത്തിൽ ഗവർണർ ഡിജിപിയെ അതൃപ്തി അറിയിച്ചു. ബാരിക്കേഡ് ഭേദിച്ച് പ്രവർത്തകർ മുന്നോട്ടുപോയത് സുരക്ഷാവീഴ്ചയാണെന്നും ശക്തമായ വകുപ്പുകൾ ചുമത്തി കേസെടുക്കണമെന്നാണ് ഗവർണറുടെ ആവശ്യം. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെയും നടപടി വേണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

കേരള സർവകലാശാല രജിസ്ട്രാറെ സസ്പെൻഡ് ചെയ്ത നടപടിയിൽ പ്രതിഷേധിച്ചാണ് ബുധനാഴ്ച എസ്എഫ്ഐയും ഡിവൈഎഫ്ഐയും രാജ്ഭവനിലേക്ക് മാർച്ച് നടത്തിയത്.

# പുതിയ വോട്ടർമാർക്കായി 'ലെറ്റസ് വോട്ട്' ഗെയിം: മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഉദ്ഘാടനം ചെയ്തു

വിദ്യാർഥികളെ വോട്ടിങ് പ്രക്രിയ പരിചയപ്പെടുത്താനും പോളിംഗ് ബൂത്തിലേക്ക് പോകുന്ന പുതിയ വോട്ടർമാർക്ക് ആശയക്കുഴപ്പമില്ലാതെ വോട്ട് രേഖപ്പെടുത്താനും ജില്ലയിൽ രൂപകൽപ്പന ചെയ്ത വോട്ടർ ബോധവൽക്കരണ ഗെയിം 'ലെറ്റ്സ് വോട്ട്' മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു.കേൽകർ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. സബ് കലക്ടർ കാർത്തിക് പാണിഗ്രഹിയുടെ നേതൃത്വത്തിൽ തലശ്ശേരി എൻജിനിയറിങ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗവുമായി സഹകരിച്ചാണ് വെർച്വൽ ഇലക്ഷൻ ഗെയിം തയ്യാറാക്കിയത്. ഇലക്ഷൻ നടപടി ക്രമങ്ങളിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിന് ഇത്തരം ഗെയിമുകൾ സഹായിക്കുമെന്ന് മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

വോട്ടിങ് പ്രക്രിയയിൽ നടക്കുന്ന എല്ലാ ഘട്ടങ്ങളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ ഗെയിം വിനോദം മാത്രമല്ല രാജ്യത്തിന്റെ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ പൂർണ്ണ വിവരങ്ങളും നൽകും. ജനാധിപത്യ പ്രക്രിയയിൽ യുവതലമുറയെ ആകർഷിക്കുക, അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഗെയിം തയ്യാറാക്കിയതെന്ന് തലശ്ശേരി എൻജിനിറിങ് കോളേജ് പ്രിൻസിപ്പൽ ഡോ. എബി ഡേവിഡ് അറിയിച്ചു.

കലക്ടറേറ്റ് കോൺഫെറൻസ് ഹാളിൽ നടന്ന പരിപാടിയിൽ ജില്ലാ കലക്ടർ അരുൺ കെ. വിജയൻ അധ്യക്ഷനായി. തലശ്ശേരി സബ് കലക്ടർ കാർത്തിക് പാണിഗ്രഹി മുഖ്യാതിഥിയായിരുന്നു. ചടങ്ങിൽ വിദ്യാർത്ഥികളും സന്നിഹിതരായിരുന്നു.